RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 7 • ലക്കം 10 • ജൂൺ 2025 • വില: 18 രൂപ

# വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ



## പിതൃദിന
### പ്രത്യേക പതിപ്പ്

RAMRAJ
COTTON
WHITE SHIRTS

# CLASSICS EMIT PURE PRESENCE.

When the sun blazes, tradition steps up in style. Ramraj Cotton's 100% Pure Cotton White Shirts are a timeless style statement, cool to wear and cooler to flaunt. This is heritage, tailored for the heat.



Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

അച്ഛന്റെ സ്നേഹം അറിഞ്ഞ്, അദ്ദേഹത്തെ ബഹുമാനിച്ച്,
അദ്ദേഹത്തിൽ നിന്ന് ജീവിതാനുഭവങ്ങൾ നൽകുന്ന പാഠം പഠിച്ച്
നല്ല ഒരു അച്ഛനാകാനുള്ള വഴികൾ പറഞ്ഞു തരുന്ന

# പിതൃദിന
# സ്പെഷ്യൽ



# സ്നേഹത്തിന്റെയും സംസ്കാരത്തിന്റെയും നിറകുടം...

പ്രിയരേ,

രാംരാജ് കോട്ടൺ മേന്മയുള്ള വസ്ത്രങ്ങൾ അവതരിപ്പിച്ച് നെയ്ത്തുകാരുടെ മികവ് ജനങ്ങൾക്കിടയിൽ കൊണ്ടു ചെല്ലുന്നു. അത് മാത്രമല്ല, സംഗീത രൂപത്തിലും അവരുടെ കഴിവ് ജനമധ്യത്തിൽ എത്തിക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. അതിനായി നെയ്ത്തുകാരുടെ ജീവിതത്തെ വാഴ്ത്തുന്ന അഞ്ചു പാട്ടുകൾ ഞങ്ങൾ അടുത്തയിടെ പുറത്തിറക്കി. ഒരു നെയ്ത്തുകാരനായ പിതാവിനെപ്പറ്റി അതിൽ ഒരു പാട്ടുണ്ട്. അഴുക്കു പുരണ്ട വസ്ത്രവുമായാണ് ദിനവും ജനങ്ങൾക്ക് വേഷ്ടി നെയ്യുന്നതെങ്കിലും അദ്ദേഹം ഒരു തികഞ്ഞ പിതാവിനെ പോലെയാണ് ജീവിക്കുന്നതെന്ന് ആ പാട്ട് പറയുന്നു.

‘ അച്ഛനാണെനിക്ക് ദൈവം

എന്നെ എടുത്തു നടന്ന ഭൂമി

അച്ഛനെന്ന വാക്ക് ചെറുതായിരിക്കാം

അതിലടങ്ങും അർത്ഥം എത്ര വലുത്

എല്ലാ ബന്ധവും അതിൽ അടങ്ങുന്നു

ആ സ്നേഹമളക്കാൻ ഒരു പാത്രവുമില്ല

അച്ഛനൊപ്പം ഇരുന്നാൽ ഭയമില്ല

അദ്ദേഹത്തിന് സമമായി ആരുമില്ല’

എന്ന്തുടങ്ങുന്നപാട്ടിൽ ‘അഞ്ചു വയസ്സ് വരെ അച്ഛന്റെ മടിയും ഗർഭപാത്രം പോലെ’ എന്നൊരു വരി ഉണ്ട്. കുട്ടികൾ വളരുന്നത് പുറമേ നിന്നുള്ള ആശ്രയത്തോടും കൂടിയാണ് എന്നാണ് അതിനർത്ഥം.

കുഞ്ഞായിരിക്കുമ്പോൾ കുട്ടികൾക്ക് അച്ഛനുമായുള്ള അടുപ്പം, ഓർമ്മ വയ്ക്കുമ്പോൾ കുറയും. അമ്മയുടെ സ്നേഹം അവരുടെ വാക്കിൽ മനസ്സിലാകും. അവർ അത് തുറന്ന് പ്രകടിപ്പിക്കുകയും ചെയ്യും. എന്നാൽ അച്ഛന്റെ പ്രകടിപ്പിക്കാത്ത സ്നേഹം എത്രയോ കൂടുതലാണ്. ഒരു അച്ഛന് തന്റെ മകനെ /മകളെ താൻ ഇത്ര സ്നേഹിക്കുന്നു എന്ന് പറയാനുള്ള അവസരം കിട്ടാറില്ല. കുട്ടിക്ക് എന്തെങ്കിലും പ്രശ്നം വരുമ്പോഴാകും അച്ഛനും കുട്ടികളും തമ്മിലുള്ള അടുപ്പം പുറത്തു വരിക.

അങ്ങനെ യാതൊരു പ്രശ്നങ്ങളും ഇല്ലാത്ത ഒരു നാളിൽ, ഞങ്ങളെ ഈ ലോകം കാട്ടിയ, ഞങ്ങളെ ലോകമായി കരുതി ജീവിക്കുന്ന ‘അച്ഛാ,അച്ഛന്റെ കുഞ്ഞായി ജനിച്ചത് ഭാഗ്യം’ എന്ന് കുട്ടികളുടെ സ്നേഹം പ്രകടിപ്പിക്കുന്ന ദിനമായി ജൂൺ മാസത്തിൽ ഒരു നാൾ പിതൃദിനം ആചരിക്കുന്നു.

ഗർഭപാത്രത്തിൽ ചുമന്ന് ജീവൻ കൊടുത്തത് അമ്മ ആണെങ്കിൽ ജിവിതത്തിൽ തോളിൽ ചുമന്ന് കുഞ്ഞിനെ ലോകം കാട്ടുന്നത് അച്ഛനാണ്. പൊതുവേ പുരുഷന്മാരുടെ ത്യാഗവും സംഭാവനയും ആരും പരിഗണിക്കാറില്ല. എന്നാൽ അതിർത്തിയിലെ സൈനികർ നമ്മെ സംരക്ഷിക്കുന്നതു പോലെ വീട്ടിൽ എല്ലാ കാര്യത്തിലും സംരക്ഷണം നൽകുന്നത് ഉത്തരവാദിത്തമുള്ള അച്ഛനാണ്.



തന്റെ കുട്ടികളുടെ നന്മക്കായി എല്ലാം ത്യജിച്ച്ഒരുമെഴുകുതിരി പോലെ കത്തിയെരിയുന്ന അച്ഛന്റെ എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ ചരിത്രങ്ങൾ എണ്ണമറ്റവയാണ്. മാതാ, പിതാ, ഗുരു, ദൈവം എന്നാണകു നാം വണങ്ങുന്നതിലെ മുൻഗണനാക്രമം.

ദൈവത്തിനുംമുമ്പിലാണ്നമുക്ക്മാതാപിതാക്കൾ. ഇന്ത്യയിൽ നാം അതറിഞ്ഞ് പ്രവർത്തിക്കുന്നു.

യു എസിലെ ഒരു ധീര സൈനികന്റെ മകളാണ് പിതൃദിനതിനു തുടക്കം കുറിച്ചത്. സോണോറ എന്ന 16 വയസ്സുകാരിയുടെ അമ്മ മരിച്ചപ്പോൾ അച്ഛൻ വില്യം ജാക്സൻ കുടുംബത്തിന്റെ മുഴുവൻ ചുമതലയും ഏറ്റെടുത്തു. അദ്ദേഹം തന്റെ മകളുടെ കണ്ണും കരുത്തുമായി വർത്തിച്ചു. അച്ഛനും അമ്മയുമായി തന്നെ പരിപാലിച്ച അച്ഛനെ ആദരിക്കാൻ മാതൃദിനം പോലെ പിതൃദിനവും ആഘോഷിക്കണമെന്ന് അവർ ആഗ്രഹിച്ചു. ഇക്കാര്യം അവർ വാഷിംഗ്ടൺ പ്രവിശ്യയുടെ തലവനെ അറിയിച്ചു




യു എസിൽ സോനോറയുടെ നിർബന്ധം മൂലം സഭ വില്യം ജാക്സനെ ആദരിച്ചു, തുടർന്നു പ്രവിശ്യ പിതൃദിനം ആദരിച്ചു തുടങ്ങി. പിന്നിട് ജൂണിൽ യു എസ് മുഴുവനും പിതൃദിനം ആചരിക്കുന്ന രീതി പിന്തുടർന്നുവെന്നു പറയപ്പെടുന്നു. ഇപ്പോൾ ലോകം മുഴുവൻ പിതൃദിനം ആചരിക്കപ്പെടുന്നു.

മകനും മകൾക്കും അച്ഛനാണ് ഹീറോ. തീരുമാനമെടുക്കാനുള്ള ശേഷി, പ്രശ്നങ്ങളെ നേരിടാനുള്ള മനക്കരുത്ത്, കുടുംബത്തിനു തുണയാകുന്ന പ്രവർത്തനങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾ മക്കൾ അച്ഛനിൽ നിന്നാണ് പഠിക്കുന്നത്. അതേപോലെ അച്ഛന്റെ ചീത്ത സ്വഭാവങ്ങളും കുട്ടികൾ പഠിക്കും. ചീത്ത വാക്കുകൾ പറയുന്ന ഭൂരിപക്ഷം കുട്ടികളും അത് അച്ഛന്റെ പക്കൽ നിന്നാണ് പഠിക്കുന്നതെന്ന് ഒരു ഗവേഷണം പറയുന്നു. അച്ഛന്റെ വാക്കുകൾ കുട്ടികളുടെ ജീവിതത്തിൽ പ്രതിഫലിക്കും എന്നതിൽ തർക്കമില്ല. ഒരു അച്ഛൻ മക്കൾക്ക് കരുതി വയ്ക്കുന്ന, ഒരിക്കലും നശിക്കാത്ത സ്വത്ത് നല്ല സംസ്കാരമുള്ള ജീവിതമാണ്. അത് പറയുന്നതിലും അധികം ജീവിച്ചു കാട്ടുമ്പോൾ അത് കുട്ടികളുടെ ജീവിതത്തെ ഗുണകരമായി സ്വാധീനിക്കും.

കുട്ടികൾക്ക്സ്നേഹവുംസന്തോഷവും നിറഞ്ഞഒരുജീവിതംനൽകാൻഅച്ഛന്റെ സംഭാവന വലുതാണ്. വീടിനും നാടിനും സമൂഹത്തിനും ചെയ്യേണ്ട കടമകൾ എന്തെന്ന് അവർ അച്ഛനിൽ നിന്നാണ് പഠിക്കുന്നത്. ഇങ്ങനെ ഒരു സുദിനം സ്നേഹം പ്രകടിപ്പിക്കാൻ മാത്രമല്ല, കടമകളെഉണർത്താനുംസഹായകമാണ്.

മാതൃദിനമാണ് ആദ്യം ആഘോഷിച്ചു തുടങ്ങിയതെങ്കിലും പിതൃദിനവും ആഘോഷിക്കുമ്പോഴേ കുടുംബ ജീവിതം സാർത്ഥകമാകൂ. ജോലി ആർജവത്തോടെ ചെയ്യാനും കുടുംബത്തെ സ്നേഹത്തോടെ പരിപാലിക്കാനും സമൂഹത്തിന്റെ വളർച്ചയ്ക്ക് നമ്മുടെ പങ്കു ചെയ്യാനും നമ്മൾ അച്ഛനിൽ നിന്ന് പഠിക്കുന്നു. കടമയെ പറ്റിയുള്ള ഈ അറിവാണ് അദ്ദേഹം നൽകുന്ന വലിയ സ്വത്ത്. അത് മൂല്യബോധത്തോടെ നല്ല അച്ഛനാകാൻ എന്നെ പ്രേരിപ്പിക്കുന്നു.

സ്നേഹം പ്രകാശിപ്പിച്ച് കടമ ഉണർത്തുന്ന നാളായി പിതൃദിനം എന്നും ആഘോഷിക്കപ്പെടും. കുടുംബത്തിന്റെ നന്മയ്ക്കു വേണ്ടി പാടുപെടുന്ന എല്ലാ അച്ഛന്മാർക്കും രാംരാജ് കോട്ടന്റെ ആദരവ് അർപ്പിക്കുന്നു



The Culturepreneur

സമസ്ത ഐശ്വര്യങ്ങളും ആശംസിച്ചു കൊണ്ട്,

**കെ ആർ നാഗരാജൻ**

സ്ഥാപകൻ, രാംരാജ് കോട്ടൺ



# നല്ല അച്ഛനാകുക

ജോലി അന്വേഷിക്കുന്ന മകൻ ഒമ്പതാമത് അഭിമുഖത്തിനുംപോയിതളർന്നുവീട്ടിൽതിരികെ വന്നിരിക്കുകയാണ്. ഇത്തവണയും അവനു ജോലികിട്ടിയില്ല. കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തിറങ്ങിയെങ്കിലും അനുയോജ്യമായ ജോലികൾ ഒന്നും അവനെ തേടിയെത്തിയില്ല. ചില താൽക്കാലിക ജോലികൾ ലഭിച്ചുവെങ്കിലും അവ അധിക നാൾ നീണ്ടു നിന്നില്ല.

'അവൻ ജോലിക്ക് പോരാ. അവനെ പഠിക്കാൻ അയച്ച് പണം ചെലവഴിച്ചത് വെറുതെയായി' എന്ന് ബന്ധുക്കൾ പരിഹസിച്ചു. ബാങ്കിൽ നിന്ന് എടുത്ത വായ്പയുടെ തവണ അടയ്ക്കാൻ ബാങ്കിൽ നിന്ന് നിരന്തരം വിളികൾ വരുന്നു. വീട്ടിൽ ആരും അറിയാതെ അവൻ പ്രേമിക്കുന്ന പെൺകുട്ടി 'വീട്ടുകാർ കല്യാണത്തിനു നിർബന്ധിക്കുന്നു' എന്ന് പരാതിപ്പെടുന്നു. 'നീ ജോലിക്ക് പോയാൽ അല്ലാതെ നിന്നെപ്പറ്റി വീട്ടിൽ പറയാൻ പറ്റില്ല. വേറെ വഴിയില്ലാതെ വന്നാൽ വീട്ടിൽ ആലോചിക്കുന്ന ചെറുക്കന് ഞാൻ കഴുത്തു നീട്ടും,' അവൾ ഭയപ്പെടുത്തുന്നു.

ഈസാഹചര്യത്തിലാണ് വീണ്ടും ഇന്റർവ്യൂവിൽ തോറ്റ് അവൻ വീട്ടിൽ മടങ്ങിയെത്തിയത്. അവൻ നേരെ അച്ഛന്റെ അടുത്തു പോയി പറഞ്ഞു, 'എന്നോടു ക്ഷമിക്കുക. ഈ ഇന്റർവ്യൂവിലും ഞാൻ തോറ്റു പോയി . നിങ്ങൾ പ്രതീക്ഷിക്കുന്നത് പോലെ എനിക്ക് വിജയം കൈവരിക്കാൻ കഴിയുന്നില്ല. എനിക്ക് ജോലി കിട്ടുമെന്നേ തോന്നുന്നില്ല. ഞാൻ യഥാർത്ഥത്തിൽ ഒന്നിനും കൊള്ളാത്തവനാണ്.'

അച്ഛൻ അവനെ അരികിൽ ചേർത്തു നിർത്തി തോളിൽ കൈ വച്ചു പറഞ്ഞു, 'ജീവിതത്തിൽ സന്തോഷവുംവരും,ദുഃഖവുംവരും.ഒന്നുംസ്ഥിരമല്ല. നിന്നെ എന്തു കൊണ്ട് ജോലിക്ക് തെരഞ്ഞെടുത്തില്ല എന്നതിന് കാരണം കണ്ടു പിടിക്കുക. തെറ്റ് പറ്റിയെന്നു കരുതി അപമാനം സഹിക്കേണ്ടതില്ല. അതിൽ നിന്ന് പുതിയ പാഠങ്ങൾ പഠിക്കുക. എന്റെ സന്തോഷത്തിന് എപ്പോഴും നീയാണ് കാരണം. എല്ലാ കാര്യത്തിലും നിന്റെ മികവ് പുറത്തെടുക്കുക. ഇവിടെ അവഗണിച്ചാൽ മറ്റൊരിടത്ത് ഇതിലും നല്ല ജോലി കിട്ടുമെന്ന് കരുതണം. കഠിനാധ്വാനവും താൽപര്യവും നിനക്ക് നല്ല അവസരങ്ങൾ നൽകും. ഈ ലോകത്തിൽ എത്രയോ കോടി ആളുകളിൽ നീ

ഒരാൾ മാത്രമായിരിക്കാം. പക്ഷേ എനിക്ക് നീയാണ് ഈ ലോകം. ഞാൻ എപ്പോഴും നിന്റെയടുക്കൽ ഉണ്ടാകും ,' അയാൾ പറഞ്ഞു.

അടുത്ത ഇന്റർവ്യൂവിൽ അവനു ജോലി കിട്ടി. അവൻ തന്റെ അച്ഛനു മനസ്സിൽ നന്ദി പറഞ്ഞു.

ഇയാളെപ്പോലെ നല്ല ഒരു അച്ഛനായിരിക്കുക അത്ര എളുപ്പമല്ല. തന്റെ മകനോ മകൾക്കോ എത്ര വയസ്സായാലും ഒരു അച്ഛന്റെ മാർഗനിർദ്ദേശം ഇല്ലാതാകുന്നില്ല. ഒരു നല്ല റോൾ മോഡലായി, കുട്ടികളുടെ ആവശ്യങ്ങൾ എപ്പോഴും മനസ്സിലാക്കുന്ന വ്യക്തിയായി, മികച്ച വഴികാട്ടിയായി, എല്ലാം തികഞ്ഞ അച്ഛനായിരിക്കാൻ ചില വഴികൾ.

- കുട്ടികളുമായി സമയം ചെലവിടണം. നിങ്ങൾക്ക് ഓഫീസിൽ വലിയ പ്രൊമോഷൻ കിട്ടിയിരിക്കുന്നു.ശമ്പളംധാരാളംകൂടിയിരിക്കുന്നു. വിലപിടിച്ച കാർ വാങ്ങിയിരിക്കുന്നു. ആഡംബര വസതി വാങ്ങിയിരിക്കുന്നു. എന്നാൽ ഇതൊന്നും കുട്ടികൾക്ക് പ്രധാനമല്ല. നിങ്ങൾ അവരോടൊപ്പം സമയം ചെലവഴിക്കുന്നുവോ എന്ന് മാത്രമേ അവർ നോക്കുകയുള്ളൂ. എത്ര തിരക്ക് ഉണ്ടെങ്കിലും അവരോടൊപ്പം സമയം ചെലവഴിക്കണം. അത്താഴം അവരോടൊപ്പം കഴിക്കുക. അവധി ദിവസങ്ങളിൽ വിനോദങ്ങൾക്ക് അവരുടെ കൂടെ പോകുക.

- രണ്ടു കുട്ടികൾ ഉണ്ടെങ്കിൽ ഇരുവർക്കും ഒരേപോലെ സമയം കൊടുത്ത് അവരെ നോക്കണം. ഓരോരുത്തരോടും നിങ്ങളുടെ അടുപ്പം പ്രത്യേകമായി കാട്ടണം. മകനോ മകളോ ആരായിരുന്നാലും പക്ഷപാതം കാട്ടുന്നതായി തോന്നിക്കരുത്. ജോലി കഴിഞ്ഞ് വീട്ടിൽ എത്തുമ്പോൾ ലഭിക്കുന്ന ചെറിയ സമയം പോലും അവർക്കായി വിനിയോഗിക്കണം.

- കുട്ടികളുടെ ജീവിതത്തിലെ പ്രധാന നിമിഷങ്ങളിൽ നിങ്ങൾ അവരുടെ കൂടെ ഉണ്ടാകണം. നിങ്ങൾ അവരെ വടക്കേ ഇന്ത്യയിലേക്ക് വിനോദയാത്രക്ക് കൊണ്ടുപോകുന്നതിലും വലുതാണ് സ്കൂൾ തുറക്കുമ്പോൾ അവരുടെ കൂടെ സ്കൂളിൽ ചെല്ലുന്നത്. വിലപിടിച്ച സമ്മാനങ്ങൾ നൽകുന്നതിലും വലുതാണ് സ്കൂൾ മത്സരങ്ങളിൽ അവർ പങ്കെടുന്ന ഇനങ്ങൾ കണ്ട് കൈയടിച്ചു പ്രോത്സാഹിപ്പിക്കുന്നത്. വിനോദയാത്രയും സമ്മാനങ്ങളും മറന്നു പോകും. എന്നാൽ ആ നേരത്ത് അച്ഛൻ എന്റെ ഒപ്പം ഉണ്ടായിരുന്നു എന്നത് ഒരു കുട്ടി ഒരിക്കലും മറക്കില്ല.

- ജീവിതത്തിന്റെ അടിസ്ഥാനമായ ഓരോ പ്രവർത്തനങ്ങളും ഒരു കുട്ടിയെ പഠിപ്പിക്കണം. കുട്ടിയായിരിക്കുമ്പോൾ പല്ല് തേക്കാൻ പഠിപ്പിക്കണം. കുറച്ചു കൂടി വളരുമ്പോൾ സൈക്കിൾ പഠിപ്പിക്കണം. കൗമാരത്തിൽ ഷേവ് ചെയ്യാനും മറ്റും പഠിപ്പിക്കണം. ഇതെല്ലാം അച്ഛന്റെ കടമയാണ്.

- കുട്ടികൾ തെറ്റ് ചെയ്താണ് ശരിയേതെന്നു പഠിക്കുന്നത്. അവർ തെറ്റ് ചെയ്യുമ്പോൾ അതിൽ നിന്ന് പാഠം പഠിക്കാൻ അവരെ പ്രേരിപ്പിക്കണം. അവരുടെ ശീലങ്ങളിൽ തെറ്റ് ഉണ്ടെന്നു കണ്ടാൽ അത് എങ്ങനെ ഇല്ലാതാക്കാം എന്ന് സംസാരിച്ചു തീരുമാനമെടുക്കണം. അവരെ ശിക്ഷിക്കുന്നത് കൊണ്ട് ഒരു തീരുമാനമായില്ല. വിമർശനങ്ങൾ കരുതലോടെ നടത്തണം. ചെറിയ നേട്ടങ്ങളെ മനം തുറന്ന് അഭിനന്ദിക്കണം. അങ്ങനെ ചെയ്യുമ്പോൾ അവരുടെ ആത്മവിശ്വാസം വർദ്ധിക്കും.

- കുട്ടികളുമായി സംസാരിക്കുന്നത് വളരെ പ്രധാനമാണ്. അവർ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനും അച്ഛന്റെ അടുത്തായിരിക്കും വരിക. അവരുമായി സംസാരിച്ച് പ്രശ്നങ്ങൾ തീർക്കുക. അവരുടെ ഭാഗത്തു നിന്ന് വേണം എല്ലാം കാണേണ്ടത്.

- കുട്ടികൾ വളരുമ്പോൾ അച്ഛനുമായുള്ള സംസാരം കുറയും. പതിവ് കാര്യങ്ങൾ മാത്രമേ അവർ സംസാരിക്കൂ. അങ്ങനെ ആവരുത്. കുട്ടികൾക്ക് താൽപര്യമുള്ള വിഷയങ്ങളെപറ്റി അവരുമായി സംസാരിക്കണം. ക്രിക്കറ്റ്, സംഗീതം, കാർ, സിനിമ തുടങ്ങി എന്തും സംസാരിക്കണം. 'അച്ഛൻ നന്നായി സംസാരിക്കുന്നു' എന്നവർക്ക് തോന്നണം. അത് ധാരാളം. ●



## അച്ഛനെ അറിയാൻ...

**ഓരോരുത്തർക്കും വയസ്സ് ഏറുന്തോറും അച്ഛനെപ്പറ്റിയുള്ള ചിത്രവും മാറും. ജീവിതം ഒരു പൂർണ വൃത്തത്തിൽ ചുറ്റി വീണ്ടും ആരംഭിച്ച ഇടത്തിൽ എത്തിയ പോലുള്ള ഓർമ്മകളാണ് അവ.**

**4 വയസ്സിൽ:** അച്ഛനോട് വലിയ ഇഷ്ടം. അദ്ദേഹം ഹീറോ.

**7 വയസ്സിൽ:** അച്ഛന് അറിയാത്ത ഒരു വിഷയവും ഇല്ല.

**10 വയസ്സിൽ:** അച്ഛൻ നല്ലയാളാണ് പക്ഷേ ഇടയ്ക്കിടെ ദേഷ്യം വരും.

**14 വയസ്സിൽ:** ഞാൻ കുഞ്ഞായിരിക്കുമ്പോൾ അച്ഛന് എന്നോടു എന്ത് സ്നേഹമായിരുന്നു. ഇപ്പോൾ ഇല്ല.

**17 വയസ്സിൽ:** അച്ഛൻ ഈ കാലത്തിനു പറ്റിയ ആളല്ല. പഴയ പഞ്ചാംഗം പോലെയാണ്.

**20 വയസ്സിൽ:** ഈ മനുഷ്യൻ എന്തിനാണ് അരിശപ്പെടുന്നത്? ഇയാൾ എന്റെ ഓരോ ദിവസവും നരകമാക്കുകയാണ്.

**23 വയസ്സിൽ:** അമ്മ എങ്ങനെയാണോ ഈ മനുഷ്യനെ സഹിക്കുന്നത്? ഞാൻ ഒരിക്കലും ഇയാളോട് ക്ഷമിക്കില്ല.

**26 വയസ്സിൽ:** ഞാൻ ഏതു ചെയ്താലും അത് ശരിയല്ല എന്ന് പറയുന്നു. എന്താണ് ഈ മനുഷ്യൻ ഇങ്ങനെ?

**30 വയസ്സിൽ:** ഒരു കാര്യത്തിലും ഞാൻ അച്ഛനുമായി യോജിച്ചു പോകില്ല. അയാൾ ചെയ്യുന്ന ഒന്നും എനിക്ക് പിടിക്കുന്നില്ല. അച്ഛനെ കണ്ടാൽ എനിക്ക് ദേഷ്യം വരും.

**35വയസ്സിൽ:**എന്റെകുഞ്ഞുങ്ങളെനിയന്ത്രിക്കാൻകഴിയുന്നില്ല. കുഞ്ഞായിരുന്നപ്പോൾ ഞാനും ഇങ്ങനെ ആയിരുന്നോ?

**40 വയസ്സിൽ:** അച്ഛൻ ഞാൻ ചെയ്ത തെറ്റുകൾ തിരുത്തി നല്ല വഴിക്ക് കൊണ്ടു പോയി ഞാനാണ് അച്ഛനെ വിഷമിപ്പിച്ചത്.

**45 വയസ്സിൽ:** എന്റെ കുഞ്ഞുങ്ങളെ കാണുമ്പോൾ എനിക്ക് പേടിയാകുന്നു. അച്ഛൻ എങ്ങനെയാണോ ഞങ്ങളെ സഹിച്ചത്?

**50 വയസ്സിൽ:** അച്ഛൻ ഞങ്ങൾക്കായി എന്തെല്ലാം പ്ലാൻ ചെയ്തിരിക്കുന്നു. ചോദിച്ചത് എല്ലാം ചെയ്തു. അച്ഛനെ പോലെ എന്റെ കുട്ടികളെ നോക്കാൻ എനിക്ക് പറ്റുന്നില്ല.

**60 വയസ്സിൽ:** അച്ഛനോട് വല്ലാത്ത സ്നേഹം തോന്നുന്നു അദ്ദേഹമാണ് എന്റെ ഹീറോ.



## മാറാത്ത കാഴ്ച

**അഞ്ചു വയസ്സുള്ളപ്പോൾ**

**മകൻ:** അച്ഛാ,എപ്പോൾ വരും?

**അച്ഛൻ:** വൈകിട്ട് ആറു മണിക്ക് വരും.പുറത്തു പോകാം.

**മകൻ:** ഇത് എപ്പോഴും പറയും. പക്ഷേ നേരത്തെ വരില്ല.

**അതേ മകന് 30 വയസ്സായപ്പോൾ അച്ഛൻ:** എനിക്ക് വീട്ടിൽ ബോറടിക്കുന്നു.

**മകൻ:** വൈകിട്ട് നേരത്തെ വരാം, പുറത്തു പോകാം.

**അച്ഛൻ:** ഇത് എപ്പോഴും പറയും. പക്ഷേ നേരത്തെ വരില്ല.





## എനിക്ക് ഇഷ്ടമാണ്

ഒരുകുട്ടിവീട്ടിൽവായിച്ചുകൊണ്ടിരിക്കുകയാണ്. ജോലിക്ക് പോയ മാതാപിതാക്കൾ രാത്രിയാണ് എത്തിയത്. അമ്മ പെട്ടെന്ന് ആഹാരം പാകം ചെയ്തു. എല്ലാവരും ആഹാരം കഴിക്കാൻ ഇരുന്നു. അച്ഛനു വേണ്ടി തയാറാക്കിയ ചപ്പാത്തി ഇത്തിരി കരിഞ്ഞു പോയി. ഒന്നും പറയാതെ അച്ഛൻ അത് കഴിച്ചു. അത് കരിഞ്ഞല്ലോ എന്ന് പറഞ്ഞ് അമ്മ വിഷമിച്ചു. 'എനിക്ക് കരിഞ്ഞ ചപ്പാത്തിയാണ് ഇഷ്ടം' എന്ന് പറഞ്ഞു അച്ഛൻ കഴിച്ചു.

രാത്രിയിൽ കിടക്കുമ്പോൾ 'അച്ഛന് കരിഞ്ഞ ചപ്പാത്തിയാണോ ശരിക്കും ഇഷ്ടം' എന്ന് ആ കുട്ടി ചോദിച്ചു. അച്ഛൻ പറഞ്ഞു, 'മോനെ, നിന്റെ അമ്മ ദിവസവും ജോലിക്ക് പോയി തിരികെ വന്നു വീണ്ടും കഷ്ടപ്പെടുന്നു. ഇന്ന് ശ്രദ്ധ കുറഞ്ഞപ്പോൾ ചപ്പാത്തികരിഞ്ഞുപോയി.ഒരുചപ്പാത്തികരിഞ്ഞത് കൊണ്ടു ആർക്കും ഒന്നും വരാൻ പോകുന്നില്ല. എന്നാൽ കഠിനമായ വാക്കുകൾ ആളുകളെ മുറിപ്പെടുത്തും.' ഈ വാക്കുകൾ ആ കുട്ടിയുടെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞു. ജീവിതം മുഴുവൻ അവൻ അതോർത്തു പ്രവർത്തിച്ചു.



## സംഭാഷണത്തിന്റെ മാധുര്യം



ഹാളിൽ ഇരുന്ന് അച്ഛൻ പുസ്തകം വായിക്കുകയാണ്. എതിരെ മകൻ മൊബൈലിൽ എന്തോ കാണുന്നു. രണ്ടു മണിക്കൂർ കഴിഞ്ഞു. അപ്പോഴാണ് തങ്ങൾ ഇത് വരെ ഒരു വാക്ക് പോലും പറഞ്ഞിട്ടില്ലല്ലോ എന്ന് കുട്ടി ഓർത്തത്. ഉടനെ അച്ഛന്റെ അടുക്കൽ അവൻ സോറി പറഞ്ഞു. അപ്പോൾ അച്ഛൻ 'മസാല ദോശയ്ക്ക് രുചി ഉണ്ടെങ്കിൽ ചട്ണി വേണ്ട. അടുത്തടുത്ത് ഇരിക്കുന്നത് മാധുര്യമാണെങ്കിൽ എന്തിന് സംസാരിക്കണം?' എന്ന് ചോദിച്ചു


## അച്ഛനും കുഞ്ഞുങ്ങളും

- ചില കുട്ടികൾ 25 വർഷങ്ങൾ അച്ഛന്റെ വരുമാനത്തിലാണ് തങ്ങൾ കഴിഞ്ഞതെന്നു മറന്നു പോകുന്നു. എന്നാൽ 15 വർഷങ്ങൾ തന്റെ വരുമാനത്തിലാണ് അച്ഛൻ കഴിഞ്ഞതെന്ന് അവർ മറക്കില്ല.
- ഒരു പിതാവ് പത്തു കുഞ്ഞുങ്ങളെ സംരക്ഷിച്ചേക്കാം. പക്ഷേ പത്തു കുഞ്ഞുങ്ങൾ ഒരു പിതാവിനെ സംരക്ഷിക്കും എന്ന് പറയാനാവില്ല.



## ഇതു വരെ നൽകാത്തത്

മകൻ ആദ്യ ജോലിക്ക് പോകുകയാണ്. അപ്പോൾ ''അച്ഛാ, എനിക്ക് ഇത് വരെ തരാത്ത എന്തെങ്കിലും ഉണ്ടോ?' എന്ന് ചോദിച്ചു. അച്ഛൻ ചെറുചിരിയോടെ, 'അത് നിനക്ക് ഇപ്പോഴേ തരാം' എന്ന് പറഞ്ഞ് ചെകിട്ടത്ത് മൃദുവായി അടിച്ചു. തന്റെ തെറ്റുകൾക്ക് ശിക്ഷ തരാതെ അച്ഛൻ ഇതു വരെ അത് സഹിക്കുകയായിരുന്നു എന്നവന് നന്നായി മനസ്സിലായി. ●





# പ്രിയപ്പെട്ട അച്ഛൻ... കർശന അച്ഛൻ. ..!

സ്കൂളിൽ അധ്യാപക-രക്ഷാകർതൃ സംഗമം നടക്കുകയാണ് അർദ്ധ വാർഷിക പരീക്ഷ കഴിഞ്ഞിരിക്കുന്നു. അതിനു ലഭിച്ച മാർക്കും ഗ്രേഡും അവരെ കാണിച്ച കുട്ടിയുടെ ക്ലാസിലെ പ്രകടനത്തെ പറ്റി പറയുന്ന സമയമാണ് ഇത്. അച്ഛനൊപ്പം സ്കൂളിൽ ചെന്ന അരുൺ ആകെ വിഷമത്തിലാണ്. പൊതുവേ ഇത് പോലെയുള്ള സംഗമങ്ങൾക്ക് അവൻ വലിയ സന്തോഷത്തോടെയാണ് വരാറുള്ളത്. ക്ലാസിൽ ഒന്നാം റാങ്ക് വാങ്ങുന്ന അവനെ അദ്ധ്യാപകർ പുകഴ്ത്തും. അച്ഛൻ അത് കേട്ട് സന്തോഷിക്കുന്നത് കണ്ട് അവന്റെ കണ്ണ് നിറയും. അഭിമാന നിമിഷങ്ങൾ ആണവ. സ്കൂളിൽ നിന്ന് ഇറങ്ങിയതും അച്ഛൻ അവന് ബട്ടർ സ്കോച്ച് ഐസ് ക്രീം വാങ്ങിക്കൊടുക്കും.

എന്നാൽ ഇപ്പോൾ സ്ഥിതിഗതികൾ മാറി മറിഞ്ഞിരിക്കുന്നു. 12-ആം ക്ലാസ്സിൽ പഠിക്കുന്ന അവൻ ഇപ്പോൾ ഒരേ സമയം പല മത്സര പരീക്ഷകൾക്കു പഠിക്കുന്നു. അതിനാൽ ഇടയ്ക്കിടെ നിരവധി മോഡൽ പരീക്ഷകളിൽ പങ്കെടുക്കേണ്ടതു കൊണ്ട് ക്ലാസ് പരീക്ഷയ്ക്ക് കാര്യമായി അവനു പഠിക്കാൻ കഴിഞ്ഞില്ല. പതിവായി ഒന്നാം റാങ്ക് നേടുന്ന അവന് ഇപ്പോൾ ഇരുപതാം റാങ്ക് ആണ്.

അവൻനേരിടുന്നവിഷമകരമായസാഹചര്യങ്ങളെപ്പറ്റിയും അവന്റെ പ്രശ്നങ്ങളെപ്പറ്റിയും അച്ഛനറിയാൻ വഴിയില്ല. സെയിൽസുമായി ബന്ധപ്പെട്ട് അച്ഛൻ എല്ലാ ആഴ്ചയും യാത്രയിൽ ആയിരിക്കും. രാത്രി വൈകിയേ വീട്ടിൽ വരാറുള്ളൂ. രാവിലെ വൈകിയേ അച്ഛൻ എഴുന്നേൽക്കൂ. അദ്ദേഹം വരുന്നതിനു മുമ്പ് അരുൺ ഉറങ്ങിയിരിക്കും. എന്നും ഒമ്പതു മണിക്ക് ഉറങ്ങാൻ കിടന്ന് രാവിലെ നാല് മണിക്ക് എഴുന്നേറ്റു പഠിക്കുന്നതാണ് പതിവ്. അവന്റെ ശീലം ഇതാണെന്നു പോലും അച്ഛനു അറിവുണ്ടാകില്ല. പ്രോഗ്രസ് കാർഡ് കണ്ടാൽ അച്ഛൻ എന്ത് ചെയ്യും എന്ന ഭയമായിരുന്നു അവന്.

അരുണിനെയും അച്ഛനെയും കണ്ട ക്ലാസ് ടീച്ചർ തന്റെ കസേരയിൽ നിന്ന് എഴുന്നേറ്റു പറഞ്ഞു, 'അരുൺ പഴയപോലെയല്ല. അവനു പഠനത്തിൽ താൽപര്യം കുറഞ്ഞു. എപ്പോഴും ഒന്നാം റാങ്ക് വാങ്ങുന്ന കുട്ടിക്ക് ഇപ്പോൾ ഇരുപതാം റാങ്ക് ആണ്. കണക്കിൽ ഒട്ടേറെപ്പേർക്ക് നൂറു ശതമാനമുണ്ട്. ഇവന് അറുപത് മാർക്ക്

മാത്രം. വല്ലാത്ത വിഷമമുണ്ട്. ഇവൻ ഇങ്ങനെ മാറുമെന്ന് സ്കൂളിൽ ആരും കരുതിയില്ല. ഇനി മൂന്നു മാസങ്ങൾക്കുള്ളിൽ സ്കൂൾ പരീക്ഷ വരും. അതിൽ തോൽക്കുമോ എന്നാണ് ഞങ്ങളുടെ ഭയം. അവനെ നന്നായി പഠിക്കാൻ പ്രേരിപ്പിക്കണം.'

അവിടെ വന്ന പല കുട്ടികളുടെയും മാതാപിതാക്കന്മാർ അവനെ വലിയ വിഷമത്തോടെ നോക്കുന്നുണ്ട്. അച്ഛൻ മകന്റെ മുഖത്ത് നോക്കി. അവൻ തല താഴ്ത്തിനിൽക്കുകയാണ്. അധ്യാപകരുടെയും മാതാപിതാക്കളുടെയും സഹപാഠികളുടെയും മുന്നിൽ തന്നെ അച്ഛൻ വഴക്ക് പറയുമോ എന്ന ആശങ്കയിൽ ആയിരുന്നു അവൻ. എന്നാൽ അച്ഛൻ അവനെ സ്നേഹത്തോടെ കെട്ടിപ്പിടിച്ചു. 'സംശയം വേണ്ട ടീച്ചർ. അവൻ കഷ്ടപ്പെട്ട് പഠിക്കുന്നുണ്ട്. എനിക്കതറിയാം. തീർച്ചയായും അവൻ ഈ സ്കൂളിന് അഭിമാനമാകും.'

ഇങ്ങനെ ഒരു മറുപടി പ്രതീക്ഷിക്കാത്ത ടീച്ചർ അന്തിച്ചു പോയി. അവർ പ്രോഗ്രസ് റിപ്പോർട്ട് കൈമാറി. അച്ഛൻ അവന്റെ കൈപിടിച്ച് പുറത്തോട്ടു നടന്നു, 'നമുക്ക് ബട്ടർ സ്കോച്ച് ഐസ് ക്രീം കഴിക്കാം' എന്ന് പറഞ്ഞ് കടയിലേക്ക് പോയി.

ഐസ് ക്രീം കഴിക്കുമ്പോൾ അവന്റെ കണ്ണിൽ നിന്ന് കണ്ണീർ ഇറ്റിറ്റ് വീണു.



അവൻ മുമ്പത്തേക്കാൾ ആവേശത്തോടെ പഠിച്ചു. മറ്റുള്ളവർക്ക് ഒരു പാഠമാകണം എന്ന ദൃഢനിശ്ചയത്തോടെ. പൊതു പരീക്ഷയിൽ നല്ല മാർക്കോടെ വിജയിച്ചു. ഇന്ത്യയിലെ പ്രമുഖ ഐ ഐ ടി യിൽ പഠിക്കാൻ അവനെ തെരഞ്ഞെടുത്തു. 'ബട്ടർ സ്കോച്ച് ഐസ് ക്രീം വാങ്ങിത്തരൂ' എന്ന് അവൻ അച്ഛനോട് പറഞ്ഞു. ഇത്തവണ ഐസ് ക്രീം വാങ്ങിക്കൊടുക്കുമ്പോൾ അച്ഛന് ആനന്ദക്കണ്ണീർ!

ശിക്ഷിച്ചു വളർത്തിയാലേ കുട്ടികൾ അച്ചടക്കത്തോടെ വളരൂ എന്ന് പല മാതാപിതാക്കന്മാർക്കും ധാരണയുണ്ട്. ശിക്ഷിച്ചു വളർത്തണം എന്ന് അവർ പഴഞ്ചൊല്ല് ഉദ്ധരിച്ച് പറയും. 'വാത്സല്യം കാട്ടി വഷളാക്കരുത്' എന്ന് മറ്റു ചിലർ പറയും. സ്നേഹവും ശിക്ഷയും എങ്ങനെ നൽകണം?

- അച്ചടക്കത്തോടെ വളർത്താൻ ശിക്ഷ കൊണ്ടു മാത്രം കാര്യമില്ല. കുട്ടികൾ തെറ്റുകൾ ചെയ്യുമ്പോൾ ശിക്ഷിക്കുന്നത് പോലെ അവർ നല്ല പ്രകടനം നടത്തുമ്പോൾ അവരെ അഭിനന്ദിക്കണം. ഒരു തവണ ശിക്ഷിച്ചാൽ മൂന്നു തവണ നല്ല കാര്യങ്ങൾ കണ്ടെത്തി അവരെ പ്രശംസിക്കണം.

- നല്ലത് ചെയ്യുമ്പോൾ സമ്മാനങ്ങൾ നൽകുന്നതു കൊള്ളാം. കരുതലോടെ അവർ ആഗ്രഹിക്കുന്ന ഓരോന്നും വാങ്ങിക്കൊടുക്കുക. നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ കൂടുതലായി ഒരു സമ്മാനം നൽകുക. എന്നാൽ വീട്ടു ജോലി ചെയ്യുന്നതിനും അവരുടെ പാവകൾ അടുക്കി വയ്ക്കുന്നതിനുമൊന്നും സമ്മാനം നൽകരുത്.

- തെറ്റ് ചെയ്യുമ്പോൾ ശിക്ഷിക്കണം. എന്നാൽ അത് അതിക്രമം ആകരുത്. അത് ശരീരത്തിലും മനസ്സിലും മുറിവുകൾ സൃഷ്ടിക്കും. പിന്നീട് കുട്ടികൾ നിങ്ങളിൽ നിന്ന് അകലും. അവർക്ക് നിങ്ങളോടുള്ള ബഹുമാനവും നഷ്ടമാകും.

- കുട്ടികളുടെ പ്രവർത്തനങ്ങൾ നിങ്ങളെ കോപാകുലർ ആക്കിയാലും അവരെ അധിക്ഷേപിക്കരുത്. ശബ്ദം ഉയർത്തിയാൽ അവർ ഭയന്ന് പോകും.നല്ല ശിക്ഷാരീതികൾ വഴി അവരുടെ തെറ്റ് തിരിച്ചറിയാൻ പഠിപ്പിക്കണം.

- ശിക്ഷിക്കുന്നതും സമ്മാനം നൽകുന്നതും നിരന്തരമായി തുടരണം. അത് നല്ലത് ചെയ്യാനും തെറ്റുകൾ ചെയ്യാതിരിക്കാനും അവരെ പ്രേരിപ്പിക്കും. ●

## അച്ഛനാണ് ഹീറോ

ഓരോകുട്ടിക്കുംതന്റെആദ്യത്തെഹീറോഅച്ഛൻ തന്നെയാകും.ചിലഅച്ഛന്മാർഎങ്ങനെജീവിക്കണം എന്നതിന്റെ ഉദാഹരണമാണ്, ചില അച്ഛന്മാർ എങ്ങനെ ജീവിക്കരുതെന്നതിന്റെറയും.അച്ഛൻ എങ്ങനെ ഒരു റോൾ മോഡൽ ആകുന്നു എന്ന് ഒരു കവിത പറയുന്നു. 'എന്നെ പിന്തുടരുന്ന കുട്ടി' എന്ന കവിത.

'ഞാൻ ഏകാഗ്രതയോടെ ഇരിക്കാൻ ആഗ്രഹിക്കുന്നു. എന്നെ ഒരു കുട്ടി പിന്തുടരുന്നു. വഴി തെറ്റിയ ഒന്നും ഞാൻ ചെയ്യില്ല. അവനും അതേവഴി പിന്തുടരും എന്ന ഭയമാണ് അതിനു കാരണം. അവന്റെ കണ്ണിൽ നിന്ന് എനിക്ക് ഒരിക്കലും മോചനമില്ല. ഞാൻ എന്ത് ചെയ്താലും അവനും അത് ചെയ്തു നോക്കുന്നു. എന്നെപ്പോലെ ആകുന്നത് സ്വപ്നം കാണുന്നു ആ കുട്ടി. അവന്റെ ഭാവിക്കായി ഞാൻ ഇപ്പോഴേ ഒരു പാത സൃഷ്ടിക്കുന്നു.എന്നെ പിന്തുടരുന്ന കുട്ടിക്കായി ഒരു പാത.' ഇതാണ് കവിതയുടെ അർത്ഥം.

തന്റെ കുട്ടി വലിയ സാമ്രാജ്യങ്ങൾ പിടിച്ചടക്കണം എന്ന് കരുതി വിജ്ഞാനം പകർന്നു നൽകുന്ന അച്ഛനേക്കാൾ, ജിവിതത്തിൽ നേരിടുന്ന ഓരോ പ്രതിസന്ധിയെയും വലിയ സാധനയായി മാറ്റി ജീവിക്കുന്ന അച്ഛനാണ് മികച്ച റോൾ മോഡൽ.



## ചെറിയ, ചെറിയ ത്യാഗങ്ങൾ

വലിയ കാര്യങ്ങൾ ഉപേക്ഷിക്കുന്നതാണ് ത്യാഗം എന്നാണു ധാരണ. എന്നാൽ അച്ഛൻ ചെയ്യുന്ന നൂറുകണക്കിന് ചെറിയ ത്യാഗങ്ങൾ പോലും മതിപ്പ് കുറഞ്ഞതല്ല.

പുറത്തു പോയി തിരികെ വരുന്ന അച്ഛൻ ആദ്യം ചോദിക്കുന്ന ചോദ്യം കുഞ്ഞുങ്ങൾ ആഹാരം കഴിച്ചോ എന്നാണ്. കുഞ്ഞുങ്ങൾക്ക് പ്രിയങ്കരമായ ഭക്ഷണം ഉണ്ടാക്കുമ്പോൾ അച്ഛൻ കുട്ടികൾ കൂടുതൽ കഴിക്കട്ടെ എന്ന് കരുതി കുറച്ചു മാത്രം കഴിക്കുന്നു.

തനിക്ക് ശാരീരിക അസ്വാസ്ഥ്യം ഉള്ളപ്പോഴും അച്ഛൻ ജോലിക്ക് പോകും. എന്നാൽ കുട്ടികൾക്ക് എന്തെങ്കിലും രോഗം വന്നാൽ അവധിയെടുത്ത് അച്ഛൻ അപ്പോഴേ ആശുപത്രിക്ക് ഓടും.

തന്റെ വസ്ത്രങ്ങൾ പഴയതായാലും അത് ശ്രദ്ധിക്കില്ല. കുഞ്ഞുങ്ങൾക്ക് പക്ഷേ എപ്പോഴും പുതിയ വസ്ത്രങ്ങൾ വാങ്ങും.


തന്റെ പക്കൽ പണം ഇല്ലെങ്കിലും കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കാൻ അവർ ശ്രദ്ധിക്കും. അവരുടെ പഠനമാകും അച്ഛന്റെ വലിയ ലക്ഷ്യം.





## കിട്ടാത്തത് നൽകി

അച്ഛരന് ഇംഗ്ലീഷ് വായിക്കാൻ പോലും അറിയില്ല. എന്നാൽ, തന്റെ മകൻ ലോക കാര്യങ്ങൾ അറിയണം എന്ന് കരുതി അവനെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർക്കും. തന്റെ മകൻ എസി മുറിയിൽ കഴിയാൻ അയാൾ പകൽ മുഴുവൻ വെയിൽ കൊണ്ടു പണിയെടുക്കും. സാധാരണ സെൽഫോൺ ആകും പലപ്പോഴും അവർ ഉപയോഗിക്കുക. എന്നാൽ കോളേജിൽ പോകുന്ന മകന് അച്ഛരൻ ആദ്യം വാങ്ങി കൊടുത്തത് ലേറ്റസ്റ്റ് സ്മാർട്ട് ഫോൺ. സ്വന്തം ജില്ല പോലും കടന്നു പോയിട്ടില്ലാത്ത അച്ഛരൻ മകനെ വിദേശത്ത് അയച്ചു പഠിപ്പിക്കുന്നു. തനിക്കഎ ഒന്നും ലഭിച്ചിട്ടില്ലെങ്കിലും തന്റെ കുട്ടികൾക്ക് എല്ലാം ലഭിക്കണം എന്ന് കരുതി അച്ഛരൻ പണിയെടുക്കുന്നു. എല്ലാ അച്ഛരന്മാരും ഇങ്ങനെ തന്നെ !



## അച്ഛരന്റെ ജ്ഞാനഭാഷണം

❖ 'അച്ഛരാ, ഈ ജോലിക്കുള്ള അഭിമുഖത്തിൽ തോറ്റ് പോകുമോ എന്ന് എനിക്ക് ഭയമായിരിക്കുന്നു. പഠിക്കാൻ വിഷമമാണ്. ഞാൻ എല്ലാംവേണ്ടെന്നു വയ്ക്കുകയാണ്' എന്ന് വിഷമത്തോടെ മകൻ പറയുന്നു. 'അപ്പോൾ നീ ഒരു ഒഴിഞ്ഞ പാത്രം പോലെ ആയോ?' അച്ഛരൻ ചോദിക്കുന്നു. 'ആ പാത്രം കാണുമ്പോഴേ വെറുപ്പ് തോന്നുന്നു' മകൻ മറുപടി പറഞ്ഞു. 'നീ വിചാരിച്ചാൽ അതിൽ എന്തും നിറയ്ക്കാൻ കഴിയും. അതിൽ അറിവും പ്രകാശവും നിറയ്ക്കുക' എന്ന് അച്ഛരൻ പറഞ്ഞു. മകൻ ഉത്സാഹത്തോടെ പഠിച്ച് പരീക്ഷയിൽ വിജയിച്ചു.

❖ അടുത്ത തവണ മറ്റൊരു പ്രശ്നവുമായി മകൻ വന്നു. 'എനിക്ക് രണ്ടു ജോലികൾ ലഭിച്ചു. ഏതു സ്വീകരിക്കണം എന്ന് സംശയം.' 'രണ്ടിനും എന്താണ് വ്യത്യാസം, നീ പറയൂ' എന്ന് അച്ഛരൻ. 'ഒന്നാമത്തേതിൽ നിറയെ പണി ഉണ്ടാകും. രണ്ടാമത്തേതിൽ ജോലിയും ജോലി അറിയാവുന്നവരും കുറവ്. പെട്ടെന്ന് പ്രൊമോഷൻ കിട്ടും' മകൻ. 'ജോലിപഠിക്കുന്നതിൽ ശ്രദ്ധിക്കണം. മത്സരത്തിന്റെ സുഖം അനുഭവിക്കണം. അത് നിന്നെ വളർത്തും,' അച്ഛരൻ പറഞ്ഞു.

## അച്ഛരൻ പറഞ്ഞ നുണകൾ

തന്റെ അച്ഛരനെ പറ്റി ഒരു മകൻ പറയുന്ന പരാതി. ഇത് ഭൂരിഭാഗം അച്ഛരന്മാർക്കും ബാധകമാണ്.

❖ അച്ഛരൻ നിറയെ നുണ പറയും. കൊച്ചു പ്രായം തൊട്ടേ അതെനിക്കറിയാം. മിക്കവാറും എല്ലാ വിഷയങ്ങളെപ്പറ്റിയും അച്ഛരൻ പറഞ്ഞത് നുണയാണ്.

❖ ഞങ്ങൾക്ക് ആവശ്യമായ എല്ലാം ഉണ്ടെന്ന് കള്ളം പറയും. എവ്വിധവും വാങ്ങിയും നൽകും.

❖ ഞങ്ങളുടെ എല്ലാ ചെലവുകൾക്കും പണം ഉണ്ടെന്ന് കള്ളം പറയും. ഏതെങ്കിലും രീതിയിൽ പണവും ഏർപ്പാട് ചെയ്യും.

❖ ആഹാരം കഴിക്കാൻ പുറത്തു പോയാൽ തനിക്കു വിശക്കുന്നില്ല എന്ന് പറഞ്ഞ് ഒന്നും തന്നെ കഴിക്കില്ല. എന്നാൽ ഞങ്ങൾ ആവശ്യപ്പെട്ടത് എല്ലാം വാങ്ങിത്തരും.

❖ കഠിനമായി അധ്വാനിച്ചു സമ്പാദിക്കുന്ന അച്ഛരൻ ഒരിക്കലും ക്ഷീണിച്ചുവെന്നു പറയില്ല.

❖ വെയിലിൽ അലഞ്ഞ് വിയർപ്പു ചിന്തി കഠിനമായി അധ്വാനിച്ചാലും ജോലി എത്ര കഠിനമായിരുന്നാലും തന്റെ ജോലി സൂപ്പർ എന്ന് അച്ഛരൻ നുണ പറയും.

❖ എത്രയോ പ്രതിസന്ധികളുടെ നടുവിൽ ആണെങ്കിലും മുഖത്തിൽ ചിരിയുമായി തനിക്കു സന്തോഷമാണെന്നു പറയും. ഞങ്ങളുടെ സന്തോഷത്തിന് സ്വന്തം സന്തോഷം ബലി കൊടുത്ത ആളാണ് അച്ഛരൻ.



# അച്ഛനാണ് റോൾ മോഡൽ

➲ അതിരാവിലെ മകനുമായി ട്രെയിനിൽ വന്നിറങ്ങിയ അച്ഛൻ, സ്റ്റേഷനിൽ നിന്ന് പുറത്തുവന്നു. അവിടെ ഉണ്ടായിരുന്ന ഓട്ടോക്കാർ യാത്രക്കാരെ ഈച്ച പൊതിയുംപോലെ വലയം ചെയ്തു. അച്ഛൻ വില പേശാതെ ആദ്യം കണ്ട ഓട്ടോക്കാരന്റെ ഒപ്പം നടന്നു. അച്ഛന്റെയും മകന്റെയും ലഗേജ് ഓട്ടോക്കാരൻ വണ്ടിയിൽ എടുത്തു വച്ചു. അച്ഛൻ പറഞ്ഞയിടത്തേക്ക് ഓട്ടോ ഓടിത്തുടങ്ങി.

അതേ സ്റ്റേഷനിൽ മറ്റൊരു അച്ഛനും മകനും ഇറങ്ങിയിരുന്നു. തങ്ങളെ പൊതിഞ്ഞ ഓട്ടോക്കാരെ അവഗണിച്ച് അവർ മുന്നോട്ടു നടന്നു. അവിടെ പ്രീപെയിഡ് ഓട്ടോ കൗണ്ടറിൽ ചെന്നു. അവിടെ പണം നൽകി കാത്തു നിന്നു. ഓട്ടോ വന്നപ്പോൾ കയറി വീട്ടിൽ ചെല്ലുന്നു. ന്യായമായ തുക മാത്രമേ അയാൾക്ക് കൊടുക്കേണ്ടി വന്നുള്ളൂ.

രണ്ട് അച്ഛന്മാരും തങ്ങളുടെ കുട്ടികൾക്ക് ജിവിതം എന്തെന്ന് കാട്ടി കൊടുക്കുകയായിരുന്നു. പണത്തെ അലക്ഷ്യമായി വിനിയോഗിക്കാനാണ് ആദ്യത്തെ ആൾ പഠിപ്പിച്ചത്. ഓരോ ഇടത്തിലും എങ്ങനെ ചെലവു കുറയ്ക്കാം എന്ന് രണ്ടാമത്തെയാൾ മകന് പഠിപ്പിച്ചു. പണം ധൂർത്തടിക്കുന്നതല്ല, അത് വേണ്ട വിധത്തിൽ ചെലവഴിക്കുന്നതാണ് ധനവാന്റെ സ്വഭാവം.

➲ ഏറെ ഗതാഗതക്കുരുക്കുള്ള ഒരു റോഡിൽ രാവിലെ കുട്ടികളെ സ്കൂളിൽ വിടാൻ പോകുകയാണ് ഒരു അച്ഛൻ. വീട്ടിൽ നിന്ന് പുറപ്പെടുന്നതിന് ഇത്തിരി താമസം വന്നു. അതിനാൽ മുൻപിൻ നോക്കാതെ അയാൾ വണ്ടി ഓടിച്ചു. വഴിയിൽ ചുവപ്പ് സിഗ്നൽ പോലും ഗൗനിക്കാതെ അയാൾ കാറുമായി കുതിച്ചു. കുട്ടികൾ പേടിച്ചു അരണ്ടിരിക്കുന്നത് പോലും അയാൾ ശ്രദ്ധിച്ചില്ല.

മറ്റൊരു അച്ഛൻ മകനെ കടൽക്കരയിൽ കൊണ്ടു പോയ ശേഷം തിരികെ വരികയാണ്. അവധി ദിവസം ആയതിനാൽ അധികം തിരക്കില്ല. ഒരു സിഗ്നലിൽ ചുവപ്പ് വിളക്ക് കത്തിക്കിടക്കുന്നു. പച്ച സിഗ്നൽ കിടക്കുന്ന റോഡിൽ കൂടി ഒരു വണ്ടിയും വരുന്നില്ല. ട്രാഫിക് പോലീസും അവിടെയില്ല. എന്നിട്ടും ആ അച്ഛൻ സിഗ്നൽ മാറുന്നതും നോക്കി കാത്തിരുന്നു. പച്ച സിഗ്നൽ വന്നപ്പോഴാണ് അയാൾ കാർ എടുത്തത്. ആദ്യത്തെ ആൾ അശ്രദ്ധയും തിരക്കുമാണ് തന്റെ കുട്ടിയെ പഠിപ്പിച്ചത്. ആരും ശ്രദ്ധിക്കാൻ ഇല്ലെങ്കിലും

റോഡ് നിയമങ്ങൾ പാലിക്കണമെന്ന് രണ്ടാമത്തെ അച്ഛൻ തന്റെ കുട്ടികളെ പഠിപ്പിച്ചു.

➲ കുട്ടികൾക്ക് അച്ഛനാണ് ആദ്യത്തെ റോൾ മോഡൽ. കുട്ടികൾ എങ്ങനെ വളരണമെന്ന് കരുതുന്നുവോഅതെപോലെഅവർപെരുമാറണം. അതിനു എന്തെല്ലാം ചെയ്യണം?

➲ പറയുന്നതൊന്നും പ്രവർത്തിക്കുന്നത് വേറൊന്നുംആകരുത്.കുട്ടികൾക്ക്നിങ്ങൾപറഞ്ഞു കൊടുക്കുന്ന നല്ല പാഠം നിങ്ങളും പാലിക്കണം. കുട്ടികൾചീത്തവാക്കുകൾപറയുകയോആരെയും ശാസിക്കുകയോ, ആരുമായും വഴക്കിടുകയോ ചെയ്യാതെ വളരണമെങ്കിൽ നിങ്ങളും അതിനു വഴികാട്ടണം. പരിചയമില്ലാത്തവരോടു കൂടി കുട്ടി സ്നേഹത്തോടും അനുതാപത്തോടും കൂടി പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ആ ഗുണങ്ങൾ ഉള്ള വ്യക്തിയാകണം.

➲ കുടുംബത്തെയും ബന്ധുക്കളെയും അച്ഛൻ കരുതലോടെയും സ്നേഹത്തോടെയും പരിപാലിക്കുന്നത് കാണുന്ന കുട്ടികളും



ആ സ്വഭാവത്തോടെ വളരും. മാതാപിതാക്കളെബഹുമാനിക്കുകയും ജീവിത പങ്കാളിയെ സ്നേഹിക്കുകയും അവരുടെ ജോലികളിൽ സഹായിക്കുകയും ചെയ്യണം. ബന്ധുക്കളെ പിന്നിൽ നിന്ന് കുറ്റപ്പെടുത്താതെയിരിക്കണം. സുഹൃത്തുക്കളെ മതിമറന്നു പ്രശംസിക്കണം. ഇതെല്ലാം കാണുന്ന കുട്ടികളും അച്ഛനെ പോലെ ഇതെല്ലാം ചെയ്യും.ഏറെ ദോഷങ്ങളുള്ള ഒരു വ്യക്തിയിൽ പോലും നല്ല ഏതെങ്കിലും ഗുണം കാണുന്ന അച്ഛൻ തന്റെ കുട്ടികൾക്ക് വലിയ പാഠമാകും നൽകുന്നത്.

➲ മുഖത്ത് ഒരു വികാരവും ഉള്ളിൽ മറ്റൊരു മുഖവും പ്രദർശിപ്പിക്കുന്ന ഒരു അച്ഛൻ തന്റെ കുട്ടികളിൽ വലിയ ആശയക്കുഴപ്പവും മാനസിക സംഘർഷങ്ങളും ഉണ്ടാക്കും.

➲ നിങ്ങൾ ഒരു തെറ്റ് ചെയ്താൽ ക്ഷമ ചോദിക്കാൻ മടിക്കരുത്. കുട്ടികളെ പുറത്തു കൊണ്ടു പോകാമെന്ന് പറഞ്ഞ ശേഷം സമയത്തിനു വരാതിരിക്കുകയോ വാഗ്ദാനം ചെയ്ത സമ്മാനം നൽകാതിരിക്കുകയോ ചെയ്താൽ സോറി പറയാൻ മടിക്കരുത്. തെറ്റ് ചെയ്താൽ ക്ഷമ ചോദിക്കണം എന്ന് അവർ പഠിക്കും.

➲ നിങ്ങൾ ഓഫീസിൽ എത്ര കഷ്ടപ്പെട്ടാണ് ഓരോ ജോലിയും ചെയ്യുന്നതെന്ന് നിങ്ങളുടെ കുട്ടികൾക്ക് അറിയില്ല. എന്നാൽ വീട്ടിൽ നിങ്ങൾ ചെയ്യുന്ന ഓരോ കാര്യവും അവർ കാണുന്നുണ്ട്. വീട്ടുജോലിഭാര്യചെയ്യണംഎന്ന്കരുതാതെജോലി പങ്കുവയ്ക്കണം. അമ്മയോടൊപ്പം അച്ഛനും ജോലി ചെയ്യുന്നതു കാണുമ്പോൾ കുട്ടികളും അതിൽ സന്തോഷത്തോടെ പങ്കെടുക്കും.

➲ എല്ലാവരോടും നമുക്ക് ബഹുമാനം ചോദിച്ചു വാങ്ങാനാവില്ല. നമ്മുടെ പ്രവർത്തികൾ നോക്കി അവർ നമുക്ക് തരുന്നതാണ് ബഹുമാനം. അച്ഛനായതു കൊണ്ട് കുട്ടികൾ ബഹുമാനിക്കണംഎന്നില്ല.കുട്ടികൾബഹുമാനിക്കത്തക്കവിധം അച്ഛന്റെ പ്രവർത്തികൾ സത്യസന്ധവും സുതാര്യവുമായിരിക്കണം.



➲ കൂടെ ചേർത്തു നിർത്തി സ്നേഹം ചൊരിയുമ്പോഴാണ് അവർ അത് അറിഞ്ഞു പ്രവർത്തിക്കുന്നത്. നിങ്ങളുടെ ലോകം കുട്ടികൾ ആണെന്ന് അവരെ അറിയിച്ചു പ്രവർത്തിച്ചാൽ അത് അവരെ ആനന്ദതുന്ദിലരാക്കും. അവരുടെ ഓരോ പ്രവർത്തനത്തെയും പ്രശംസിച്ചു മുന്നോട്ടു നയിച്ചാൽ അച്ഛനേക്കാൾ വലിയ വ്യക്തികളായി അവർ മാറും. ●

# അവഗണിച്ച മകനും ചേർത്തുപിടിച്ച മകനും



തന്റെ സ്വന്തം അധ്വാനം കൊണ്ട് മുൻനിരയിൽ എത്തിയ ഇടത്തരം കുടുംബ തലവനാണ് അയാൾ. സ്വപ്നം കണ്ടത് പോലെ അയാൾ ഒരു വീട് വച്ചു. തന്റെ ഒരേയൊരു മകനെ നന്നായി പഠിക്കാൻ അയച്ചു. അവന് നല്ല ജോലി കിട്ടി. വിവാഹം കഴിപ്പിച്ചു. അടുത്തടുത്ത് രണ്ടു പേരക്കുട്ടികൾ പിറന്നു. നല്ല കൂട്ടുകുടുംബമായി അവർ ജീവിച്ചു.

പ്രായമാകുമ്പോൾ ഏകാന്തത വലിയ പ്രശ്നമാണ്. അത് അദ്ദേഹത്തിന് വൈകിയാണ് മനസ്സിലായത്. രോഗാതുരയായ ഭാര്യ പെട്ടെന്നു മരിച്ചു. ആ ദുഃഖത്തിൽ നിന്ന് കരകയറാൻ കഴിഞ്ഞില്ല.

അമ്മായിയമ്മ മരിച്ചതും മരുമകൾ തന്റെ തനിസ്വഭാവം പുറത്തെടുത്തു.വീട് കെട്ടുമ്പോൾ തനിക്കും ഭാര്യക്കും വലിയ ഒരു കിടപ്പ് മുറി, മകനും മരുമകൾക്കും വലിയ ഒരു കിടപ്പുമുറി, കുട്ടികൾക്ക് രണ്ടു കിടപ്പു മുറി എന്നിങ്ങനെ പ്ലാൻ ചെയ്താണ് വീട് നിർമ്മിച്ചത്. പുറത്ത് ഡ്രൈവറോ അകന്ന മറ്റാരെങ്കിലുമോ വന്നാൽ കിടക്കാൻ ഒരു മുറിയും ഉണ്ട്. 'അമ്മ മരിച്ചല്ലോ. ഇനി അച്ഛന് എന്തിനാണ് ഇത്ര വലിയ മുറി? നമ്മുടെ കുട്ടികൾക്ക് കളിക്കാനുള്ള മുറിയായി അതുപയോഗിക്കാം. അച്ഛനെ അവിടെ നിന്ന് മാറ്റണം,' മരുമകൾ ഭർത്താവിനോടു പറഞ്ഞു.

ഭാര്യയുടെ വാക്ക് തള്ളിക്കളയുന്നതിനു പകരം അവൻ അച്ഛന്റെ അടുത്തു പോയി ആ വിഷയം അവതരിപ്പിച്ചു.'അച്ഛാ,അമ്മ മരിച്ചതിനു ശേഷം വീട്ടു ജോലികൾ എല്ലാം ഭാര്യയാണ് ചെയ്യുന്നത്. നിങ്ങളുടെ അടുത്ത് വെറും നൈറ്റി അണിഞ്ഞു ജോലി ചെയ്യാൻ അവൾക്കു വിഷമം തോന്നുന്നു, 'എന്റെ മരുമകൾ സൗകര്യമുള്ള ഏതു വസ്ത്രം ധരിച്ചാലും തനിക്കു വിഷമമൊന്നുമില്ല,' എന്ന് അച്ഛൻ പറഞ്ഞു. പക്ഷേ മകൻ വിട്ടില്ല, 'അങ്ങനെ അവൾക്ക് നിങ്ങളുടെ മുന്നിൽ റിലാക്സായി ജോലി ചെയ്യാൻ പറ്റില്ല, അച്ഛാ. ഇതൊന്നു മനസ്സിലാക്കി പെരുമാറൂ. കാർ ഷെഡിന് അരികിൽ ഉള്ള ചെറിയ മുറിയിലേക്ക് മാറിയാൽ പ്രശ്നം തീരും,'എന്ന് മകൻ പറഞ്ഞു.

ഒരെതിർപ്പും പറയാതെ വൃദ്ധൻ ആ മുറിയിലേക്ക് മാറി. തന്റെ കാര്യങ്ങളിൽ ശ്രദ്ധ കുറഞ്ഞു, ആഹാരത്തിന്റെ അളവിൽ കുറവ് വന്നു. ഇതെല്ലാം അയാൾ മനസ്സിലാക്കി. തനിക്ക് ഇഷ്ടപ്പെട്ട യാത്രകൾക്ക് പോലും മകൻ തടസ്സം നിൽക്കുന്നുവെന്ന് അയാൾക്ക് മനസ്സിലായി.

രണ്ടു മാസങ്ങൾ കഴിഞ്ഞു. വൃദ്ധൻ ഒരു ദിവസം തന്റെ മകനെ വിളിച്ച് ഒരു വിമാന ടിക്കറ്റ് സമ്മാനിച്ചു. 'കുട്ടികളുമായി വടക്കേ ഇന്ത്യയിൽ പത്തു ദിവസം കറങ്ങി വരൂ,' അയാൾ മകനോട് പറഞ്ഞു. 'നിങ്ങൾ കൂടെ വരുന്നില്ലേ?' എന്ന് ഒരു വാക്കിനു പോലും മകനും മരുമകളും ചോദിച്ചില്ല.

ഇതിനിടെ വൃദ്ധൻ നേരത്തെ തീരുമാനിച്ച പ്രകാരം വീട് അഞ്ചു കോടി രൂപയ്ക്ക് വിറ്റു. തനിക്ക് ചെറിയ ഒരു വീട് വാങ്ങി തന്റെ സാധങ്ങൾ അങ്ങോട്ടും മകന് വാടകയ്ക്ക് ഒരു വീട് കണ്ടെത്തി അവന്റെ സാധനങ്ങൾ അങ്ങോട്ടും മാറ്റി.

വിനോദയാത്ര കഴിഞ്ഞു മടങ്ങിയെത്തിയ മകൻ തങ്ങളുടെ വീട് പൂട്ടിയിരിക്കുന്നതും വാതിൽക്കൽ ഒരു വാച്ച്മാൻ കാവൽ നിൽക്കുന്നതും കണ്ട് അപകടം മണത്തു. വാച്ച്മാൻ അയാളെ ഉള്ളിലേക്ക് വിട്ടില്ല. അരിശത്തോടെ അയാൾ



അച്ഛനെ ഫോണിൽ വിളിച്ചു. 'കാറിൽ ഇരിക്കൂ, ഞാൻ ഉടനെ വരാം' എന്ന് പറഞ്ഞു അച്ഛൻ അരമണിക്കൂറിനുള്ളിൽ അവിടെയെത്തി.

അയാൾ അവർക്ക് ഒരു താക്കോൽ കൊടുത്തു കാര്യങ്ങൾ ധരിപ്പിച്ചു. 'എന്റെ സമ്പാദ്യം കൊണ്ടു വാങ്ങിയ വീട്ടിൽ എനിക്ക് ഒരു അന്യനെ പോലെ കഴിയാൻ പറ്റില്ല. അതിനാൽ ഇത് വിറ്റു. ഇനി ഞാൻ ഒറ്റയ്ക്ക് കഴിയും. നിനക്ക് വീട് കണ്ടു. അതിന് അഡ്വാൻസ് കൊടുത്തിട്ടുണ്ട്. ഇനി അവിടെ കഴിയണോ വീട് വാങ്ങണോ എന്ന് നിങ്ങൾക്ക് തീരുമാനിക്കാം,' ഇത് പറഞ്ഞ് അയാൾ തന്റെ പുതിയ വീട്ടിലേക്കു പോയി.

അച്ഛനെ അവഗണിച്ച് തീരുമാനമെടുത്ത തനിക്ക് ഇത് ശരിയായ ശിക്ഷയാണ് എന്ന് മകന് മനസ്സിലായി. മരുമകൾ തലകുനിച്ചു നിന്നു.

ഇത് മറ്റൊരു മകന്റെ കഥയാണ്. രാഘവന്റെ ഭാര്യ മരിക്കുമ്പോൾ അയാൾക്ക് 45 വയസ്സാണ്. ബന്ധുക്കളും സുഹൃത്തുക്കളും അയാളോട് വീണ്ടും വിവാഹം കഴിക്കാൻ ആവശ്യപ്പെട്ടെങ്കിലും അയാൾ തയാറായില്ല. 'എന്റെ ഭാര്യ അവളുടെ ഓർമ്മക്കായി ഒരു മകനെ നൽകിയിട്ടുണ്ട്. അവനെ വളർത്തി വലുതാക്കുന്നത് എന്റെ കടമയാണ്. വീണ്ടും വിവാഹം ചെയ്താൽ എനിക്ക് നല്ല ഒരു ഭാര്യയെ കിട്ടിയെന്നു വരാം. എന്നാൽ അവന് നല്ല അമ്മ കിട്ടുമോയെന്ന് ഉറപ്പില്ല,' അദ്ദേഹം പറഞ്ഞു.

വർഷങ്ങൾ കഴിഞ്ഞു. മകൻ ബിരുദം നേടി അച്ഛന്റെ ബിസിനസ് നോക്കുന്ന നിലയിലേക്ക് വളർന്നു. തന്റെ വീടും വ്യവസായവും മകന്റെ പേരിൽ എഴുതി കൊടുത്ത് അച്ഛൻ വിശ്രമ ജീവിതത്തിലേക്ക് പ്രവേശിച്ചു. മകനെ വിവാഹം കഴിപ്പിച്ചു, അവരുടെ കൂടെ കഴിഞ്ഞു വന്നു.

ഒരു വർഷം കഴിഞ്ഞു. ഒരു ദിവസം പുറത്തു പോയി നടന്നു വന്ന അയാൾക്ക് വലിയ വിശപ്പ്. 'ഭക്ഷണം റെഡിയായോ' എന്ന് അയാൾ മരുമകളോടു ചോദിച്ചു. 'ഉപ്പുമാവ് ഉണ്ട്' എന്ന് പറഞ്ഞ് അത് അയാൾക്ക് കൊടുത്തു. കുറച്ചു കഴിഞ്ഞ് ഭർത്താവ് ഭക്ഷണം കഴിക്കാൻ വന്നപ്പോൾ അവൾ കഴിക്കാൻ പൂരിയുമായി വന്നു.

ഇതിനു മുമ്പ് അച്ഛനും ഭാര്യയും തമ്മിൽ നടന്ന സംഭാഷണം അവൻ കേട്ടിരുന്നു. അച്ഛന് പൂരി വളരെ ഇഷ്ടമാണ്. അത് ഭാര്യക്കും അറിയാം. എന്നാലും പഴയ ഉപ്പുമാവാണ് അവൾ അച്ഛനു നൽകിയത്. പൂരി തങ്ങൾക്കും. ഒന്നും പറയാതെ അയാൾ ഓഫീസിൽ പോയി. അന്ന് മുഴുവൻ ആ ചിന്ത ആ മനസ്സിൽ ഓടിക്കൊണ്ടിരുന്നു.

അടുത്ത ദിവസം രാവിലെ വീട്ടിൽ വക്കീൽ വന്നു. അച്ഛനെ അയാൾ വിളിച്ചു. 'എന്താണ് ഇതെല്ലാം? എന്തിനാണ് വക്കീൽ വന്നത്?' അച്ഛൻ ചോദിച്ചു. 'എന്റെ പേരിൽ എഴുതിയ എല്ലാ സ്വത്തും അച്ഛന്റെ പേരിൽ മാറ്റണം. ഇനി ബിസിനസിൽ ഞാൻ ചുമതല വഹിക്കില്ല. മാസാമാസം ശമ്പളം വാങ്ങുന്ന ജോലിക്കാരനായി ഞാൻ കഴിയും. ഞാനും ഭാര്യയും വാടകവീട്ടിലേക്ക് മാറുകയാണ്,' മകൻ പറഞ്ഞു.

'എന്താണ് പെട്ടെന്ന് ഇങ്ങനെ ഒരു തീരുമാനം?' അയാൾ ചോദിച്ചു 'ഇല്ല നിങ്ങളുടെ വില എന്തെന്ന് എന്റെ ഭാര്യ അറിയേണ്ട നേരമായി. ഇഷ്ടപ്പെട്ട ഭക്ഷണം കഴിക്കാൻ നിങ്ങൾ കൈകൂപ്പുന്ന നില വരരുത്,' മകൻ പറഞ്ഞു. അതെ, നമുക്ക് ജീവിതം നൽകിയവരെ നാം മതിക്കണം. ●

RAMRAJ

# വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 7 ലക്കം 10

ജൂൺ 2025

ഓണററി എഡിറ്റർ

**കെ ആർ നാഗരാജൻ**

പത്രാധിപർ

**ടി ജെ ജ്ഞാനവേൽ**

എക്സിക്യൂട്ടീവ് എഡിറ്റർ

**സെബാസ്റ്റ്യൻ ജോസഫ്**

അസിസ്റ്റന്റ് എഡിറ്റർ

**വേണുഗോപാൽ എസ്**

പ്രൊഡക്ഷനും ഡിസൈനും

തരു മീഡിയ പ്രൈവറ്റ് ലിമിറ്റഡ്

A2 ഗ്രൗണ്ട് ഫ്ലോർ, നം.110 ട്രിനിറ്റി കോംപ്ലക്സ്, 4th അവന്യൂ, അശോക് നഗർ, ചെന്നൈ - 600 083

മൊബൈൽ - 9952920801

ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by

K.R. NAGARAJAN,

Published from

10, Sengunthapuram

Mangalam Road, TIRUPUR–641 604.

Email: venmaii@ramrajcotton.net

# അച്ഛനെന്ന നിത്യ സത്യം...

ജീവിതത്തിൽ എല്ലാ ദശാസന്ധികളിലും നിറഞ്ഞു നിൽക്കുന്ന പ്രകാശമാണ് പിതാവ്. ജീവന്റെ പരമ ബിന്ദു. മാതാവും പിതാവും ചേരുമ്പോൾ ഒരു പുതിയ ലോകം തന്നെ രൂപപ്പെടുന്നു. കുടുംബത്തിലെ ആദ്യ ഘടകം, സമൂഹത്തിലെ പ്രധാന സ്ഥാപനം. നാടിന്റെ പ്രധാനകണ്ണി. സ്നേഹവും കടമയും ഇവിടെനിന്ന് രൂപം കൊള്ളുന്നു. അമ്മ കുടുംബത്തിന്റെ തിരിയാകുമ്പോൾ അച്ഛൻ കുട്ടികൾക്ക് സമൂഹത്തിലേക്കുള്ള പാലമാകുന്നു. ഏറ്റക്കുറച്ചിൽ ഉണ്ടെങ്കിലും പിതൃകേന്ദ്രീകൃതമായ ഈ സമൂഹത്തിൽ നമ്മുടെ മൂല്യബോധത്തെ നയിക്കുന്നത് അച്ഛന്റെ ചിന്തകളാണ്. അത് അമ്മയുടെ മനസ്സുമായി ചേരുമ്പോൾ നല്ല കുടുംബം രൂപം കൊള്ളുന്നു. ആധുനികമായ സമൂഹം വളരുന്നു. അമ്മയുമായി അഗാധമായ സ്നേഹമുള്ള കുട്ടികൾ അച്ഛന്റെ സവിശേഷതകളിലേക്ക് മെല്ലെ മെല്ലെ ആകർഷിക്കപ്പെടുന്നു. അറിയാതെ പോയ സ്നേഹവും കരുതലും അവർ കണ്ടെത്തുന്നു. അവരുടെ സ്വഭാവ രൂപീകരണത്തെ അവ സ്വാധീനിക്കുന്നു. ആ നിലയ്ക്ക് അവർക്ക് പിതൃദിനം അച്ഛനോട് തങ്ങളുടെ സ്നേഹം പ്രകടിപ്പിക്കാനുള്ള ഉദാത്തമായ ഒരു അവസരമായി മാറുന്നു.

അച്ഛന്റെ ദൗത്യം ഏറ്റെടുക്കുന്ന അമ്മമാരും അമ്മയുടെ ദൗത്യം ഏറ്റെടുക്കുന്ന അച്ഛന്മാരും ഉണ്ടെങ്കിലും ഇരു റോളുകളും പരസ്പരപൂരകമായ സ്നേഹത്തിന്റെ ആത്യന്തിക പ്രകടനമായാണ് കാണേണ്ടത്. പ്രകൃതിയുടെ കരുതൽ ആണ് അമ്മ എങ്കിൽ അതിനെ സഹായിക്കുന്ന സ്നേഹത്തിന്റെയും സംരക്ഷണത്തിന്റെയും ആൾരൂപമാണ് അച്ഛൻ. കാലികമായ ചിന്തകളും പുരോഗനപരമായ ആശയങ്ങളും നൽകി കുടുംബത്തെ മുന്നോട്ടു നയിക്കുന്ന വലിയ ഘടകമാകുന്നു അച്ഛൻ.

ജിവിതത്തിൽ എല്ലാ അർത്ഥത്തിലും തനിക്ക് താങ്ങും തുണയും ആദർശസ്തംഭവുമായ പിതാവിനെ ആദരിക്കാൻ ഒരു ദിനം പോരാ. പക്ഷേ അങ്ങനെ ചെയ്യുമ്പോൾ അത് അത്ര കേൾക്കാത്ത, കാണാത്ത, പാടിപ്പുകഴ്ത്താത്ത ഒരു നല്ല അംശത്തിന്റെ അംഗീകാരമായി മാറുന്നു. ഓരോ കാലവും സൃഷ്ടിച്ച വെല്ലുവിളികൾ കൊണ്ട് പരിമിതമാക്കപ്പെടാത്ത ചിന്തകൾ ഉള്ള ഒരു സമൂഹത്തിൽ പുതുമയുടെയും ആധുനികതയുടെയും പ്രകാശ ഗോപുരങ്ങൾ ആയി മാറുന്ന പിതാക്കന്മാർക്കാണ് ഈ ആദരം. ●


RAMRAJ
LITTLE STARS®
KIDS DHOTIS • SHIRTS • KURTAS
India's Most Trusted
Dhotis Brands
Available at Ramraj Showrooms & All leading Textile Shops | Shop Online at www.ramrajcotton.in


The Brand Trust Report - India Study 2021
Power of Trust
India's Most Trusted Dhotis Brands
RAMRAJ
CULTURE CLUB®
MATCHING DHOTIS ● SHIRTS


The Brand Trust Report - India Study 2021
Power of Trust
India's Most Trusted
Dhotis Brands
Culture India™
TRADITIONAL KURTAS • DHOTIS
BY
RAMRAJ
Shop Online @ www.ramrajcotton.in





Shop Online @ www.ramrajcotton.in

നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?

# വെണ്മ

## വരിക്കാരാകൂ



'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

**ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ**
**രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ**

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

**വെണ്മ**
രാംരാജ് വി ടവർ.
10, ചെങ്കുന്തപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net

**സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.**
**ഫോൺ:**
**0421-4304106, 98422 74137**

## ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

**ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:**
**Venmaii**
**A/C No: 1809135000000299, Karur Vysya Bank**
**Tirupur SR Nagar Branch, IFSC Code :KVBL0001809.**

## വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~200~~ രൂപ 125 മാത്രം**

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~380~~ രൂപ 250 മാത്രം**

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

## സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്




ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~200~~ രൂപ 125 മാത്രം**

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~380~~ രൂപ 250 മാത്രം**

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം.)

**ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക് ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും**

# മനസ്സിലാക്കുന്ന അച്ഛനായിരിക്കൂ



അമ്മ ചായ കൊണ്ടു നൽകിയപ്പോൾ മകൻ മുഖം ചുളിച്ചു. 'ഇത് ചായയാണോ? ഛർദ്ദിക്കാൻ വരുന്നു' എന്ന് പറഞ്ഞ് അവൻ മറ്റൊരു ബ്രാൻഡ് തേയിലയുടെ പേര് പറഞ്ഞു. 'അതിന് നല്ല ടേസ്റ്റ് ആണ്. അറിയാമോ?' എന്ന് ചോദിച്ചു.

'ഇതിനെന്ത് കുഴപ്പം?' അമ്മ തിരികെ ചോദിച്ചു, 'അതു ശരി, ആ ചായ നീ എപ്പോൾ കുടിച്ചു?' എന്ന് ചോദിച്ചു. 'കഴിഞ്ഞയാഴ്ച കുടിച്ചു. നല്ല മണവും രുചിയും കുടിച്ച് ഏറെ നേരം നാവിൽ ഉണ്ടായിരുന്നു' എന്ന് മകൻ. 'ആ തേയിലയ്ക്ക് രണ്ടിരട്ടി വിലയാണ്. നമ്മുടെ കുടുംബത്തിന് അതൊന്നും ശരിയാകില്ല' എന്ന് ഉറപ്പിച്ചു പറഞ്ഞു അമ്മ.

പിറ്റേ ദിവസം രാവിലെ മകന് ആശ്ചര്യം. അവൻ വർണിച്ച ആ പുതിയ ചായ അവന് ലഭിച്ചു. 'വിലക്കൂടുതൽ എന്നല്ലേ അമ്മ പറഞ്ഞത്... പിന്നെ ഇതെങ്ങനെ?' എന്ന് ചോദിച്ചു. 'നീ ആഗ്രഹത്തോടെ ആവശ്യപ്പെട്ടത് അച്ഛൻ കേട്ടു. അദ്ദേഹം ഇന്നലെ രാത്രി തന്നെ വാങ്ങി വന്നു' എന്ന് പറഞ്ഞു അമ്മ.

രണ്ട് മടങ്ങ് വിലയാണെങ്കിലും, മകന്റെ ആഗ്രഹമാണ് പ്രധാനം എന്ന് മനസ്സിലാക്കിയതാണ് ആ അച്ഛന്റെ കഴിവ്. മക്കളെ മനസ്സിലാക്കുന്ന അച്ഛനായിരിക്കുന്നത് എങ്ങനെ?

❖ നമ്മൾ ചിന്തിക്കുന്നതു പോലെയല്ല നമ്മുടെ കുട്ടികൾ വളരുന്നത്. നമ്മുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും നിറവേറ്റാൻ അല്ല അവർ ജനിച്ചത്. അവർ എന്താകണമെന്ന് അവർക്ക് ചില ആഗ്രഹങ്ങൾ ഉണ്ടായിരിക്കാം. അത് മനസ്സിലാക്കണം. അവരുടെ ലക്ഷ്യം പൂർത്തികരിക്കാൻ സഹായിക്കണം.

❖ 'ഞാൻ ചിന്തിക്കുന്നതു പോലെ എന്റെ കുട്ടികൾവളർന്നാലേഅവർസന്തോഷമായിരിക്കൂ' എന്ന് നിർബന്ധിക്കരുത്. ഏതാണ് സന്തോഷം എന്നതിൽ അവർക്ക് മറ്റ് കാഴ്ചപ്പാടുകൾ ഉണ്ടായിരിക്കാം.

❖ 'ഇതാണ് നിന്റെ ഭാവിക്ക് മികച്ചത്' എന്ന് നിർബന്ധിക്കരുത്. അവരെ അടിച്ചമർത്തരുത്. അവരുടെ സ്വാതന്ത്ര്യം കൈയാളിയാൽ അവർ അൽപാൽപം നിങ്ങളിൽ നിന്ന് അകലും. തുറന്ന മനസ്സോടെ അവരുടെ തീരുമാനങ്ങൾ വിശകലനം ചെയ്യണം. അത് തെറ്റാണെങ്കിൽ തിരുത്തണം.

❖ കുട്ടികൾ എടുക്കുന്ന തീരുമാനങ്ങളെയും അവരുടെ തിരഞ്ഞെടുപ്പുകളെയും മാനിക്കണം. വളരുന്തോറും അവർ പോകുന്ന പാതയിൽ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരും. ആ സമയത്ത് അച്ഛന്റെ വഴികാട്ടലും പിന്തുണയും അവർ കൂടുതൽ പ്രതീക്ഷിക്കും. അത് നൽകണം. അവർക്ക് കാലിടറിയാൽ പോലും അച്ഛന്റെ സ്നേഹം കുറയില്ല എന്ന് അവരെ ബോധ്യപ്പെടുത്തണം.

❖ നമ്മൾ ജീവിച്ച ചുറ്റുപാടും കാലവും വേറേ. നമ്മുടെ കുട്ടികൾ വേറൊരു തലമുറയുടെ അടയാളങ്ങൾ. ആ തലമുറയുടെ സ്വാധീനം അവരിൽ ഉണ്ടായിരിക്കും. 'ഞങ്ങളെല്ലാം അക്കാലത്ത്' എന്ന് ആരംഭിച്ച് ഉപദേശിക്കാതെ, ആധുനികകാല മൂല്യങ്ങൾ വച്ച് അവരെ മനസ്സിലാക്കണം.

❖ നമ്മൾ 100% കുറ്റമറ്റവർ അല്ല. നമ്മുടെ കുട്ടികളും അങ്ങനെ തന്നെ. നമുക്ക് ഇല്ലാത്ത പൂർണത കുട്ടികളിൽ പ്രതീക്ഷിക്കരുത്. അവരും തെറ്റ് ചെയ്യും. 'സുരക്ഷിതരാക്കുന്നു' എന്ന ചിന്തയിൽ അവരുടെ പ്രവർത്തികളെ തടുക്കരുത്. തെറ്റ് ചെയ്തേ അവരും പഠിക്കൂ. കുത്തി നോവിക്കാതെ, തെറ്റുകൾ തിരുത്താനുള്ള വഴികൾ മാത്രം കാണിക്കണം.



❖ വളരുന്ന കാലത്ത് അവർ പല കഠിനമായ നിമിഷങ്ങൾകടന്നുവരും.വൈകാരികപ്രശ്നങ്ങൾ ഉണ്ടാകും. ചുറ്റുപാടും സുഹൃത്തുക്കളും പല വെല്ലുവിളികളും ഏർപ്പെടുത്തും. അത് അവർ തങ്ങളുടെ പ്രവർത്തിയിലും വാക്കുകളിലും വെളിപ്പെടുത്തും. അതിൽ ദേഷ്യപ്പെട്ട് വഴക്കു പറയരുത്. അവരുടെ പ്രശ്നങ്ങൾ അവരുടെ ഭാഗത്തു നിന്ന് നോക്കണം. 'ഞാനുണ്ട്' എന്ന് ചേർത്തുപിടിക്കണം. അവർ മനസ്സ് തുറന്ന് സംസാരിക്കുന്നത്രഅടുപ്പത്തിൽഉണ്ടായിരിക്കണം.

❖ സ്കൂളിൽ പോകാൻ ആരംഭിച്ച ദിവസം മുതൽ കോളെജ് അവസാനിക്കുന്ന ദിവസം വരെ പല വിധ സമ്മർദ്ദങ്ങൾ ഒരു കുട്ടിക്ക് നേരിടേണ്ടി വരും. ജോലിക്ക് പോകാൻ ആരംഭിക്കുമ്പോൾ മറ്റൊരു വിധ സമ്മർദ്ദം നേരിടും. ഇതിനിടയിൽ അനാവശ്യമായ പ്രതീക്ഷകൾ കുട്ടികളുടെ മേൽ അടിച്ചേൽപിക്കരുത്. അവർക്ക് കഴിയുന്ന ലക്ഷ്യങ്ങൾ അവർ പൂർത്തീകരിക്കട്ടെ. അവരുടെ പൂർണമായ കഴിവും ഉപയോഗിച്ച് അത് കൈവരിക്കാൻ അവർക്ക് വഴികാട്ടിയാകൂ. ●



# അച്ഛന്റെ ഉത്തരവാദിത്തങ്ങൾ

കുട്ടികളെ വളർത്തുന്നതിൽ അമ്മയെപ്പോലെ അച്ഛനും പല ഉത്തരവാദിത്തങ്ങൾ ഉണ്ട്. രക്ഷകർത്താക്കൾ രണ്ടു പേരും ജോലിക്ക് പോകുന്ന ഈ ആധുനിക കാലത്തിൽ അച്ഛന്റെ ഉത്തരവാദിത്തങ്ങൾ വർധിച്ചു. കുടുംബത്തിനു വേണ്ടി പണം ചെലവഴിക്കുന്നതും കുട്ടികളെ അച്ചടക്കം പഠിപ്പിക്കുന്നതും മാത്രമല്ലാതെ അതിനേക്കാൾ അപ്പുറം അവരുടെ കരുതൽ വർധിച്ചു. കുട്ടികളോടൊപ്പം സമയം ചെലവഴിക്കുകയും അവർ പറയുന്നത് ശ്രദ്ധയോടെ കേൾക്കുകയും അവർക്ക് മികച്ച മാതൃകയായിരുന്ന് വളർത്തുകയും ചെയ്യേണ്ടത് അച്ഛന്റെ ഉത്തരവാദിത്തം.

അങ്ങനെ ശരീരം കൊണ്ടും വികാരം കൊണ്ടും മനസ്സ് കൊണ്ടും കുട്ടികളെ സഹായിക്കേണ്ട ഉത്തരവാദിത്തം അച്ഛന് ഉണ്ട്. അതിലൂടെ ലഭിക്കുന്ന നന്മകൾ പലതാണ്:

❖ അമ്മയോടൊപ്പം ചേർന്ന് അച്ഛനും സ്നേഹം നൽകുമ്പോൾ കുട്ടി സംസാരിക്കുന്നതും അനുസരിക്കുന്നതുമെല്ലാം വളരെ പെട്ടെന്ന് മികവോടെ ചെയ്യും. അവരുടെ പഞ്ചേന്ദ്രിയങ്ങളും മികവുറ്റതാകും. ആരോടും വളരെ പെട്ടെന്ന് അടുക്കാനുള്ള ഗുണവും അവർ കൈവരിക്കും.

❖ കുട്ടികളെ വളർത്തുന്നതിൽ അച്ഛൻ കൂടുതൽ കരുതൽ കാണിച്ചാൽ, കുട്ടികൾ പഠിത്തത്തിൽ മികച്ചവരാകും. അച്ഛന്റെ വഴികാട്ടലിൽ വളരുന്ന കുട്ടികൾ, തെറ്റായ പാതയിൽ കാലിടറാനുള്ള സാധ്യത വളരെ കുറവായിരിക്കും.

❖ കുടുംബത്തിൽ എല്ലാവരോടും ഐക്യപ്പെട്ട്, ഏത് പ്രശ്നവും ദേഷ്യപ്പെടാതെ പരിഹരിക്കുന്ന അച്ഛനെ കണ്ട് വളരുന്ന കുട്ടികൾ, വികാരങ്ങൾ നിയന്ത്രിച്ച് ഉത്സാഹത്തോടെ ജീവിക്കാനുള്ള സ്വാഭാവികത കൈവരിക്കും. സുഹൃത്തുക്കൾ അടക്കം എല്ലാവരോടും സ്നേഹത്തോടെ ഇടപഴകി നല്ല പേര് കൈവരിക്കും.

❖ ആരോഗ്യകരമായ ഭക്ഷണങ്ങൾ കഴിക്കുകയും ശാരീരികാരോഗ്യം സൂക്ഷിക്കുകയും എല്ലാവരോടും മാധുര്യത്തോടെ ഇടപഴകുകയും ചെയ്യുന്ന അച്ഛനെ റോൾ മോഡൽ ആയി കണ്ട് വളരുന്ന കുട്ടികൾ ആരോഗ്യകരമായ ജീവിതം കൈവരിക്കും.

❖ സമ്പാദിക്കുന്നത് മാത്രമല്ലാതെ, വീട്ടു ജോലികളും ചെയ്യുന്ന അച്ഛനെ കണ്ട് വളരുന്ന കുട്ടികൾ,എല്ലാജോലികളുടെയുംബുദ്ധിമുട്ടുകളും അധ്വാനത്തിന്റെ വിലയും മനസ്സിലാക്കും. പണം, അധ്വാനം എന്നിവയെ മതിക്കാൻ അവർ പഠിക്കും.

❖ ഒരു നാണയത്തിന് രണ്ട് വശങ്ങൾ ഉള്ളതു പോലെ, ഏത് കാര്യത്തിനും ഒന്നിലധികം വശങ്ങൾ ഉണ്ടായിരിക്കും. ഒരാളുടെ കണ്ണിൽ തെറ്റായി തോന്നുന്ന ഒരു വിഷയം മറ്റൊരാൾക്ക് ശരിയായിരിക്കാം. ഇത്തരത്തിൽ പല വശങ്ങളിൽ എന്തും വിശകലനം ചെയ്യാൻ അറിയാവുന്ന അച്ഛന്റെ വഴികാട്ടൽ ലഭിക്കുന്ന കുട്ടികൾ ജീവിത നിയമങ്ങൾ എളുപ്പത്തിൽ പഠിക്കും.

❖ വേലി കെട്ടി സുരക്ഷിതമാക്കുന്ന സ്നേഹമാണ്അമ്മയുടേത്.കുട്ടികൾപുതിയതായി എന്തെങ്കിലും പരിശ്രമിച്ചാൽ, 'അതൊന്നും വേണ്ട' എന്ന് അമ്മ തടുക്കുന്നതിന് കാരണം, കുട്ടിക്ക് ഒന്നും സംഭവിക്കരുത് എന്ന കരുതലാണ്. പക്ഷേ, പരിശ്രമിച്ച് തിരിച്ചടിയേറ്റാലേ, പഠിക്കാൻ കഴിയൂ എന്ന് ബോധ്യപ്പെടുത്തും അച്ഛൻ. കുട്ടികളുടെ ഉദ്വേഗത്തിന് തടസ്സമാകാതിരിക്കേണ്ടത് അച്ഛന്റെ ഉത്തരവാദിത്തം.

❖ കുട്ടികൾക്ക് വിശ്വസിക്കാൻ കഴിയുന്ന ആദ്യ സുഹൃത്ത് അച്ഛനായിരിക്കണം. ക്ഷമയോടെ എന്തും കേട്ട്, അവരുടെ ആശയക്കുഴപ്പം പരിഹരിച്ച് വഴികാട്ടിയാകുന്ന അച്ഛൻ ഉള്ളവർ ഭാഗ്യശാലികൾ. ●

# കരുതൽ ഉള്ള അച്ഛൻ

അമ്മ, അച്ഛൻ, ജ്യേഷ്ഠൻ, അനുജത്തി, ചേച്ചി, അനുജൻ, മുത്തച്ഛൻ, മുത്തശ്ശി എന്നിങ്ങനെ ഓരോ ബന്ധവും ആ ബന്ധങ്ങൾക്കുള്ള വികാരങ്ങളുമാണ് നമ്മുടെ ജീവിതത്തിന്റെ ആധാരം. ഗർഭപാത്രത്തിൽ ചുമന്ന് കുഞ്ഞിനെ രൂപപ്പെടുത്തുന്ന അമ്മയുമായുള്ള ബന്ധം രക്തബന്ധമാണ്. അച്ഛന്റെ ബന്ധം, വികാരങ്ങളിലൂടെ ബോധ്യപ്പെടും.

അച്ഛൻ എന്ന ബന്ധം കൃത്യമായി വന്നണഞ്ഞാൽ ഓരോരുത്തരുടെയും തലയെഴുത്തും പ്രകാശമാനമായി എഴുതപ്പെടും. കുട്ടികളുടെ സവിശേഷതകൾക്കും പെരുമാറ്റത്തിനും റോൾ മോഡൽ അച്ഛനാണ്. അച്ഛന്റെ കൈ പിടിച്ച് നടക്കുന്ന അനുഭവം, ഒരു സമ്മാനത്തിനും പകരമാകില്ല. അച്ഛൻ മുതുകിൽ ചുമക്കുമ്പോൾ, കുട്ടിയുടെ മുഖത്ത് സന്തോഷം താണ്ഡവമാടും. അച്ഛന്റെ കൈ പിടിച്ച് നടക്കുമ്പോൾ, ദുഃഖങ്ങൾ എല്ലാം മറക്കും. കുട്ടികളുടെ കാലിടറുമ്പോൾ 'ഞാനുണ്ട്, ഒന്നിനും വിഷമിക്കേണ്ട' എന്ന് ആത്മവിശ്വാസം നൽകും. എന്തും നേരിട്ട് പോരാടാനുള്ള ധൈര്യവും കരുതലും അച്ഛൻ പഠിപ്പിച്ചു നൽകും.

ഒരു അധ്യാപകൻ ക്ലാസിൽ പാഠങ്ങൾ പഠിപ്പിക്കും. എന്നാൽ ജീവിതപാഠങ്ങൾ പഠിപ്പിക്കുന്നത് അച്ഛനാണ്. കുട്ടികൾ തങ്ങളുടെ കഴിവുകൾ ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തി മുന്നേറാൻ അദ്ദേഹം വഴികാട്ടിയാകും. പരാജയത്തിൽ തളർന്നു പോകുമ്പോൾ, ഉത്സാഹപ്പെടുത്തി വിജയത്തിലേക്ക് കൈപിടിച്ച് ഉയർത്തും. അച്ഛന്റെ വാക്കുകൾ മതി അവർ വിജയം തേടിപ്പിടിക്കും.

ഒരു കുട്ടിയുടെ പ്രഥമാ സുരക്ഷാ വലയം അച്ഛൻ സൃഷ്ടിക്കുന്നതാണ്. രാജ്യത്ത് പ്രധാനമന്ത്രിക്ക് സുരക്ഷാ ഭടന്മാർ നൽകുന്ന സുരക്ഷയേക്കാൾ അത് ശക്തമാർന്നത് ആയിരിക്കും. 'ഇതാണ് എന്റെ കുട്ടിക്ക് ശരിയായത്' എന്ന് അച്ഛൻ ചിന്തിക്കുന്ന കാര്യങ്ങൾ മാത്രമേ ആ സുരക്ഷാ വലയം ഭേദിച്ച് പുറത്തു വരാൻ കഴിയൂ. ഏത് നല്ലത്, ഏത് കെട്ടത് എന്ന് വിലയിരുത്തി അവർക്ക് വഴികാട്ടും. തെറ്റായ ചോയിസുകൾതെരഞ്ഞെടുത്താൽഉണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് പക്വതയോടെ പറഞ്ഞ് ബോധ്യപ്പെടുത്തും. ഒരു കുട്ടി നല്ല പേരെടുക്കാൻ അച്ഛന്റെ വഴികാട്ടലാണ് പ്രഥമ കാരണം.

അച്ഛനെപ്പോലെ ഉത്സാഹപ്പെടുത്തുന്ന സൗഹൃദം ലഭിക്കില്ല. കുട്ടികളുടെ വിജയത്തിൽ അദ്ദേഹം നേടുന്ന അഭിമാനം മുഖത്ത് പ്രകാശമായി വെളിപ്പെടും. 'അച്ഛൻ പറയുന്നത് ശരിയാണ്' എന്ന് വിശ്വസിക്കുന്ന കുട്ടികൾ, എന്ത് സംശയം ഉണ്ടായാലും അദ്ദേഹത്തെ സമീപിക്കും. എത്തരത്തിലുള്ള പ്രശ്നം ആണെങ്കിലും, അദ്ദേഹത്തിന്റെ അഭിപ്രായം തേടും. നല്ല അച്ഛനാണ് ആത്മവിശ്വാസത്തിന്റെ വെളിച്ചം പടർത്തുന്നത്.



# സ്നേഹ മകളുടെ അച്ഛൻ

ഹരിണി തലയാട്ടിക്കൊണ്ട് ഏതോ പാട്ട് പാടിക്കൊണ്ടിരിക്കുകയാണ്. 'തലയാട്ടാതെ ഇരിക്കൂ കുട്ടീ, അച്ഛൻ തലമുടി പിന്നിയിടട്ടെ' എന്ന് അച്ഛൻ പറഞ്ഞതും റോബോട്ട് പോലെ അനങ്ങാതെ നിന്നു. അമ്മയ്ക്ക് അതിരാവിലെ ജോലിക്ക് പോകേണ്ടതുണ്ട്. വീട്ടുജോലിക്കാരിയും അവധി ആയതിനാൽ, അഞ്ച് വയസ്സുകാരി ഹരിണിയെ സ്കൂളിലേക്ക് കൊണ്ടുപോകേണ്ട ഉത്തരവാദിത്തം ഇന്ന് അച്ഛനായി.

മുടി പിന്നി റിബൺ കെട്ടിയ ശേഷം, 'ഹരിണി റെഡിയായി' എന്ന് സന്തോഷത്തോടെ പറഞ്ഞു കൊണ്ട് മുന്നിൽ വന്ന് മകളുടെ തല നോക്കി അച്ഛൻ. പിന്നിയ മുടിയിൽ പെടാതെ അൽപം മുടി തലയുടെ രണ്ട് ഭാഗങ്ങളിൽ പാറിക്കളിക്കുന്നു. 'ശരിക്കും പിന്നിയില്ലല്ലോ' എന്ന് അച്ഛൻ ദുഃഖിച്ചു. ഹരിണി കണ്ണാടിയിൽ തന്റെ മുഖവും തലയും നോക്കിയ ശേഷം, 'സാരമില്ല അച്ഛാ, ഇതാണ് ഇപ്പോഴത്തെ സ്റ്റൈൽ' എന്ന് പറഞ്ഞ് പുറപ്പെട്ടു. അച്ഛൻ പുഞ്ചിരിച്ചു കൊണ്ട് ഹരിണിയെ സ്കൂളിലേക്ക് കൂട്ടിക്കൊണ്ടു പോയി.

വൈകുന്നേരം മകളെ കൂട്ടാനായി സ്കൂളിൽ ചെന്ന അമ്മ, 'ഇത് എന്ത് കോലമെടീ? ഇങ്ങനെയാണോ അച്ഛൻ മുടി പിന്നിയിട്ടത്?' എന്ന് ദേഷ്യത്തോടെ ചോദിച്ചു. ഹരിണി ചിരിച്ചു കൊണ്ട്, 'അച്ഛനെ ഒന്നും പറയരുതേ അമ്മാ. അദ്ദേഹത്തിന് അറിയാവുന്നതു പോലെ ചെയ്തു. അമ്മ എന്തെങ്കിലും പറഞ്ഞാൽ അച്ഛന് സങ്കടം വരും' എന്ന് പറഞ്ഞു.

മകൾ അച്ഛനോട് കാണിക്കുന്ന സ്നേഹത്തിൽ അധികാരവും അവകാശവും കൂടുതൽ കലർന്നിരിക്കും. 'എന്നേക്കാൾ ആരോടും അച്ഛൻ കൂടുതൽ സ്നേഹം കാട്ടരുത്' എന്ന അധികാരം. 'എനിക്കായിരിക്കണം എന്തും ആദ്യം ചെയ്യേണ്ടത്' എന്ന അവകാശം.

അച്ഛന്മാർക്ക് എപ്പോഴും മകളാണ് ചെല്ലക്കുട്ടി. തന്റെ ഭാര്യയോടുള്ള സ്നേഹത്തേക്കാൾ പല മടങ്ങ് മകൾക്ക് നൽകും. മകളോടുള്ള അമ്മയുടെ സ്നേഹത്തിൽ അൽപം കാർക്കശ്യം ഉണ്ടായിരിക്കും. മകളുടെ നല്ലതിനു വേണ്ടിയുള്ള കാർക്കശ്യം അത്. പക്ഷേ ആ കാർക്കശ്യം മകളെ അച്ഛന്റെ സ്നേഹത്തിലേക്ക് ചായ്ക്കും.

പുരുഷന്മാർ തങ്ങളുടെ ജീവിതത്തിൽ മൂന്ന് അമ്മമാരെ കണ്ടുമുട്ടും. ആദ്യം പെറ്റമ്മ, രണ്ടാമത് അമ്മ പെറ്റെടുത്ത് സമ്മാനിച്ച സഹോദരിയുടെ രൂപത്തിലുള്ള അമ്മ. മൂന്നാമത് തന്റെ ഭാര്യ സമ്മാനിച്ച മകളുടെ രൂപത്തിലുള്ള അമ്മ. ഇത്തരത്തിൽ മകളുടെ രൂപത്തിലുള്ള അമ്മ, തന്റെ അച്ഛനെ കൂടുതൽ ഇഷ്ടപ്പെടുന്നതിന് ധാരാളം കാരണങ്ങൾ ഉണ്ട്.

ജീവിതകാലത്തിൽ ലഭിച്ച സത്യസന്ധനായ കൂട്ടുകാരൻ അച്ഛനാണെന്ന് പെൺകുട്ടികൾ ചിന്തിക്കാറുണ്ട്. ലോകത്തെ പരിചയപ്പെടുത്തിയ ദിവസം മുതൽ തങ്ങൾ വളരുന്ന ഓരോ ദിവസവും ലോകത്തെക്കുറിച്ച് പഠിപ്പിക്കുന്ന ഗുരുവാണ് അച്ഛൻ. ഇത് മകൾക്ക് ലഭിക്കുന്ന അവസരമാണ്. പക്ഷേ, മകനോട് കാണിക്കുന്ന അതേ ദേഷ്യം അച്ഛന്മാർ തങ്ങളുടെ മകളോട് കാണിക്കാറില്ല.





മകൾ ആവശ്യപ്പെടുന്നവയ്ക്ക് അച്ഛന്മാർ 'സാധ്യമല്ല' പറയാറില്ല. തങ്ങളാൽ കഴിയുന്നത്ര മകളെ സന്തോഷത്തോടെ വളർത്തും അച്ഛന്മാർ.

പെൺകുട്ടികൾ തങ്ങളുടെ ജീവിതകാലത്തിൽ കൂടുതൽ സമയം ചെലവഴിക്കുന്നതും അവരുടെ അച്ഛനോടൊപ്പമാണ്. തങ്ങളെ ഏത് ചുറ്റുപാടിലും സുരക്ഷിതരാക്കുന്ന ഒരേ മനുഷ്യർ അച്ഛനാണെന്ന് വിശ്വസിക്കുന്നു പെൺകുട്ടികൾ. പുറത്തു പോയി അൽപ സമയം വൈകിയാലും, അത് ഏത് സമയമായിരുന്നാലും കാത്തിരുന്ന് കൂട്ടിക്കൊണ്ടു വരും അച്ഛൻ.

പെൺകുട്ടികൾ വളരുമ്പോൾ അവർക്കുണ്ടാകുന്ന ആശയക്കുഴപ്പങ്ങളിൽ വ്യക്തത വരുത്തി, അവർ എന്ത് തീരുമാനമെടുക്കും എന്ന് ആശങ്കയിലാകുന്ന ചുറ്റുപാടുകളിൽ കൃത്യമായ ഉപദേശങ്ങൾ നൽകി വഴികാട്ടും അച്ഛൻ.

അമ്മയ്ക്ക് എപ്പോഴും തങ്ങളുടെ കുട്ടിയുടെ മേൽ ഒരുവിധത്തിലുള്ള ഭയം ഉണ്ടായിരിക്കും. അത് സ്നേഹത്തിന്റെ വെളിപാടാണ്. പക്ഷേ ധൈര്യം പകരാൻ അച്ഛന് മാത്രമേ കഴിയൂ. ഒരു സ്ത്രീയുടെ ജീവിതത്തിൽ പല ബന്ധങ്ങൾ ഉണ്ടാകാം, നഷ്ടപ്പെടാം. എല്ലാവരും ഓരോ ചുറ്റുപാടുകൾക്ക് അനുസൃതമായി മാറും. പക്ഷേ, അമ്മയും അച്ഛനും അവസാനം വരെ ഒരു മാറ്റവും ഇല്ലാതെ മകളോട് സ്നേഹം കാണിക്കും.

മകളുടെ ജീവിതത്തിൽ അച്ഛൻ എന്ന വ്യക്തി ഒരു ബന്ധം മാത്രമല്ല, അദ്ദേഹം സുഹൃത്ത്, വഴികാട്ടി, ഗുരു, സെക്യൂരിറ്റി ഗാർഡ് എന്നിങ്ങനെ എല്ലാ കഥാപാത്രങ്ങളും ചുമന്നു നിൽക്കും. അതിനാലാണ് പെൺകുട്ടികൾ തങ്ങളുടെ അച്ഛനെ കൂടുതൽ സ്നേഹിക്കുന്നത്.

അച്ഛന്റെ ശരിയായ വഴികാട്ടൽ, സ്നേഹം, ആശ്ലേഷം എന്നിവ ഒരു പെൺകുട്ടിക്ക് ലഭിക്കണം. ഒരു പെൺകുട്ടി ആദ്യം കണ്ടുമുട്ടുന്ന പുരുഷൻ തന്റെ അച്ഛനാണ്. ഒരു പുരുഷൻ എങ്ങനെ ആയിരിക്കും എന്നത് അച്ഛനിൽ നിന്നാണ് ഓരോ പെൺകുട്ടിയും അറിയുന്നത്. അതിനാലാണ്, മകൾ കുഞ്ഞായിരിക്കുമ്പോഴേ മാതൃകാ പുരുഷനായി ജീവിക്കേണ്ടത് അച്ഛന്റെ കടമയാകുന്നത്.

'നാം ആവശ്യപ്പെടുന്ന ഒരു കാര്യം ശരിയാണെങ്കിൽ അച്ഛൻ സമ്മതിക്കും' എന്ന ബോധ്യം മകളിൽ ഉണ്ടാക്കണം. 'ഇദ്ദേഹത്തിനോട് എന്തു പറഞ്ഞിട്ടും കാര്യമില്ല' എന്ന നിഷേധ ബുദ്ധി ഉണ്ടാക്കരുത്. അതിനാൽ താൻ സംസാരിക്കുന്നതിനേക്കാൾ കൂടുതൽ മകൾ സംസാരിക്കുന്നത് കേൾക്കണം. അതാണ് പ്രധാനം.

മകൾ വളരുമ്പോൾ, വൈകാരിക ചിന്തകൾ അധികമായിരിക്കും. അവർ നേരിടുന്ന വ്യത്യസ്തമായ അനുഭവങ്ങൾ അവരിൽ ആശങ്കയുണ്ടാക്കും. ഒരു കാരണവശാലും ദേഷ്യപ്പെട്ട് ശകാരിക്കരുത്. പ്രശ്നങ്ങളുടെ അനന്തരഫലവും പരിഹാരവും ചിന്തിക്കണം. 'എന്റെ അച്ഛനെപ്പോലെ നല്ല ഗുണങ്ങളുള്ള ഒരു പുരുഷൻ എനിക്ക് ഭർത്താവായി ലഭിക്കണം' എന്ന് മകൾ ചിന്തിക്കുന്നത് ഒരു അച്ഛന്റെ വിജയം. •



# സ്കൂൾ പരിചയപ്പെടുത്തണം

വർഷങ്ങളായി പഠിക്കുന്ന കുട്ടികൾ പോലും വേനൽ അവധി കഴിഞ്ഞ് വീണ്ടും സ്കൂളിൽ പോകാൻ മടി കാണിക്കും. അപ്പോൾ ആദ്യമായി സ്കൂളിൽ പോകുന്ന കുട്ടിയുടെ കാര്യം പറയേണ്ടതില്ലല്ലോ. അവരുടെ ഭയം അകറ്റി, സ്കൂളിനെ ഒരു ആഹ്ലാദകരമായ അനുഭവമാക്കി പരിചയപ്പെടുത്തേണ്ട ഉത്തരവാദിത്തം രക്ഷിതാക്കൾക്കും അധ്യാപകർക്കും ഉണ്ട്. യൂണിഫോം, ബാഗ്, ലഞ്ച് ബോക്സ് എന്നിവ എല്ലാം വാങ്ങി റെഡി ആയാലും, ചില അമ്മമാർക്ക് 'സ്കൂൾ നമ്മുടെ കുട്ടിക്ക് ഇഷ്ടപ്പെടുമോ, പുതിയ സുഹൃത്തുക്കളുമായി ഒത്തു പോകുമോ, അവിടെ കൃത്യമായി ഭക്ഷണം കഴിക്കുമോ' എന്നെല്ലാം ആവലാതി ഉണ്ടാകും. ഈ ആശങ്ക പരിഹരിക്കാൻ ചില മാർഗങ്ങൾ:

❖ കുട്ടികൾക്ക് ഭക്ഷണം ഊട്ടുമ്പോഴോ നിർബന്ധം പിടിക്കുമ്പോൾ അനുനയപ്പെടുത്തുമ്പോഴോ ആരെയെങ്കിലും ചൂണ്ടിക്കാണിച്ച് ഭയപ്പെടുത്തരുത്. കുട്ടികളെ മറ്റുള്ളവരോടൊപ്പം വെളിയിൽ കളിക്കാൻ അനുവദിക്കാതെ വളർത്തുന്നതും പ്രേതം വരുന്നു എന്ന വ്യത്യസ്തമായ ഭയം മനസ്സിൽ വളർത്തുന്നതും അധ്യാപകരെപ്പറ്റിയുള്ള ഭയത്തിന് കാരണങ്ങളായി മാറും.

❖ കളിയായോ ദേഷ്യത്തിലോ സ്കൂളിനെക്കുറിച്ച് ഭയപ്പെടുത്തുന്ന വിധമോ ഒന്നും പറയരുത്. 'നീ ഇങ്ങനെ ആ കളിപ്പാട്ടത്തിനു വേണ്ടി നിർബന്ധം പിടിച്ചാൽ സ്കൂളിൽ കൊണ്ട് ചേർക്കും. ടീച്ചർ നിന്നെ അടിച്ച് ശരിയാക്കും' എന്ന് പറയുന്നത് അപകടമാണ്. സ്കൂൾ ഒരു പീഡന കേന്ദ്രം പോലെയും, 'അടിക്കാൻ ആരെ കിട്ടും' എന്ന് ടീച്ചർമാർ കാത്തിരിക്കുന്നതു പോലെയും അവരുടെ മനസ്സിൽ പതിയും. അധ്യാപകരെ കാണും മുമ്പേ അവരെക്കുറിച്ചുള്ള ഭയം ഏർപ്പെടുത്തരുത്.

❖ സ്കൂളിനെക്കുറിച്ച് സന്തോഷകരമായ

ചിന്തകൾ കുട്ടികളുടെ മനസ്സിൽ സൃഷ്ടിക്കണം. അതിന് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നല്ല കാര്യങ്ങൾ അവരോട് പറഞ്ഞുകൊണ്ടേയിരിക്കണം. 'സ്കൂളിൽ പോകുന്നത് പുതുമയുള്ള അനുഭവമാണ്. ധാരാളം സുഹൃത്തുക്കൾ ഉണ്ടാകും. അവരോടൊപ്പം കളിക്കാം. സ്കൂളിൽ പോയിക്കഴിഞ്ഞാൽ നീ അതിവേഗം വളരും. ഞങ്ങളെ വളർത്തിയതും സ്കൂൾ തന്നെ. നീയും ഞങ്ങളെപ്പോലെ വളരും' എന്നെല്ലാം ഉത്സാഹപ്പെടുത്തണം.

❖ സ്കൂൾ തുറക്കുന്ന ആദ്യ ദിവസം തിടുക്കപ്പെട്ട് കുട്ടിയെ കൂട്ടിക്കൊണ്ടുവന്ന്, സ്കൂൾ വാതിൽക്കൽ വിട്ട്, 'ങും, കയറിപ്പോ' എന്ന് പറയുമ്പോൾ കുട്ടിക്ക് അത് ഷോക്ക് ആയി അനുഭവപ്പെടും. അവിടെത്തന്നെ അവർ തകർന്ന് തരിപ്പണമാകും. സ്കൂൾ തുറക്കും മുമ്പേ അവിടെ കൂട്ടിക്കൊണ്ടു പോയി ശീലിപ്പിക്കണം. ഭയം മാറി അടുപ്പം ഉണ്ടാകും.

❖ കുട്ടികൾ പൊതുവിൽ അമ്മക്കുട്ടികൾ ആയിരിക്കും. അൽപനേരം അമ്മയെ കാണാതിരിക്കാൻ അവർക്ക് കഴിയില്ല. അതിനാലാണ് സ്കൂളിലേക്കുള്ള ആദ്യ ദിവസങ്ങളിൽ ഈ വേർപിരിയൽ ഓർത്ത് അവർ കരയുന്നത്. സ്കൂളിൽ ചേർക്കും മുമ്പേ അവരെ ഒറ്റയ്ക്കിരുത്തി ശീലിപ്പിക്കണം. ഉത്തരവാദപ്പെട്ടവരുടെ മേൽനോട്ടത്തിൽ കുട്ടിയെ ഏൽപിച്ച് ചില മണിക്കൂറുകൾ എങ്ങോട്ടെങ്കിലും പോയി വേർപിരിയൽ അൽപാൽപം അവരെ ശീലിപ്പിക്കണം. 'ഇങ്ങനെ വേർപിരിഞ്ഞിരുന്നാലും സ്നേഹം കുറയില്ല, അധികരിക്കുകയേ ഉള്ളൂ' എന്ന് സത്യം കുട്ടിയെ ബോധ്യപ്പെടുത്തണം.

❖ സ്കൂൾ തുറക്കും മുമ്പേ കുട്ടികളെ സ്കൂൾ സമയം ശീലിപ്പിക്കണം. തോന്നുമ്പോൾ ഉറങ്ങുകയും വൈകി ഉണരുകയും ചെയ്യുന്ന കുട്ടികളെ സ്കൂളിൽ അയക്കാൻ രക്ഷിതാക്കൾ ഏറെ ബുദ്ധിമുട്ടും.

❖ ആദ്യ ദിവസം കുട്ടി കരഞ്ഞാൽ വിഷമിക്കരുത്. കാലം മുഴുവനും കരയും എന്ന് കരുതുകയും അരുത്. കരച്ചിൽ താനേ മാറും. കുട്ടി കരയുന്നത് ഒരു വലിയ കാര്യമായി വീട്ടിൽ അവതരിപ്പിക്കരുത്; ഇനിയും കരഞ്ഞാൽ ശിക്ഷിക്കും എന്ന് വിരട്ടുകയും അരുത്. കരഞ്ഞാലും സ്കൂളിനോടുള്ള ആവേശം കുറയാതെ നോക്കിയാൽ മാത്രം മതി.

❖ ഏതെങ്കിലും ഒരു സ്കൂൾ തെരഞ്ഞെടുത്ത്, എല്ലാ കുട്ടികളെയും പോലെ നമ്മുടെ കുട്ടിയേയും അയച്ചു എന്ന് ചിന്തിക്കരുത്. കുട്ടിക്ക് വിദ്യാഭ്യാസം പോലെ, ജീവിതാനുഭവങ്ങളും സുരക്ഷയും പ്രധാനം. അതിൽ കരുതൽ കാണിക്കുന്ന സ്കൂളിൽ ചേർക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്തം.



❖ നിങ്ങളുടെ കുട്ടി ആദ്യ ദിവസം സ്കൂളിൽ കാലെടുത്തു വയ്ക്കുമ്പോൾ, ഇന്നത്തെ മത്സരാധിഷ്ഠിത ലോകത്തേക്ക് ആ കുട്ടിയും കുതിക്കുകയാണ്. അവിടെ പിടിച്ചു നിൽക്കാൻ തളരാത്ത മനസ്സും ക്ഷമയും കഠിനാധ്വാനവും വിട്ടുകൊടുക്കുന്ന മനോഭാവവും മനസ്സിലാക്കാനുള്ള കരുത്തും പരാജയം കണ്ട് തളരാത്ത മനസ്സുറപ്പും അവശ്യം. അവ സ്വാഭാവികമായി വളർത്താൻ നിങ്ങൾ സഹായിക്കണം.

❖ സ്കൂൾ ബാഗിൽ ദിവസവും അടിഞ്ഞു കൂടുന്ന അനാവശ്യ പേപ്പറുകൾ വൃത്തിയാക്കാൻ പഠിപ്പിക്കണം. കുട്ടികളുടെ സ്കൂൾ ബാഗ് ആഴ്ചയിൽ ഒരിക്കൽ വൃത്തിയാക്കണം. ലഞ്ച് ബാഗും ഇടയ്ക്കിടെ സോപ്പ് ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം.

❖ വാട്ടർ ബോട്ടിൽ ബ്രഷ് കൊണ്ട് വൃത്തിയാക്കിയ ശേഷം ഇടയ്ക്കിടെ ചൂടു വെള്ളത്തിലും കഴുകണം. മൂടിയും ചൂടു വെള്ളത്തിൽ കഴുകണം.

❖ കഴുകാതെ ഇടുന്ന സോക്സിൽ ഉള്ള അഴുക്കും വിയർപ്പും കൊണ്ട് കുട്ടിക്ക് അണുബാധ ഉണ്ടാകാം, ശ്രദ്ധിക്കണം. ●

അമ്മയുടെ സ്നേഹം തിരമാല പോലെയാണ്.അത്വെളിപ്പെട്ടുകൊണ്ടേയിരിക്കും. അച്ഛന്റെ സ്നേഹം നടുക്കടൽ പോലെയാണ്, പുറമേക്ക് കാണില്ല. പക്ഷേ, ആഴക്കടലാണ് അത്.

ഒരു കുട്ടിക്ക് ലോകത്തു തന്നെ സുരക്ഷിതമായ ഇടം അച്ഛൻ സ്നേഹക്കരങ്ങളോടെ ചേർത്തു പിടിക്കൽ മാത്രമാണ്.

കോടി രൂപയുടെ മെത്തയിൽ കിടന്നാലും വരാത്ത ഉറക്കം, അച്ഛന്റെ നെഞ്ചിൽ ചായുമ്പോൾ വരും.

ദൈവം നൽകിയ വരം അല്ല അച്ഛൻ, ദൈവമായി വന്ന വരം. ഉയിർ നൽകിയ അച്ഛനേക്കാൾ ഉന്നതർ ഈ ലോകത്തില്ല.

ആയിരം മടങ്ങ് സ്നേഹം ഉള്ളിലൊതുക്കിക്കൊണ്ട്, ശത്രുവിനെപ്പോലെ നടക്കുന്ന ഒരേയൊരു ജീവൻ അച്ഛൻ.

കണ്ണുകളിൽ ദേഷ്യവും ഹൃദയത്തിൽ സ്നേഹവും സൂക്ഷിക്കുന്ന ഒരേ ബന്ധം അച്ഛൻ മാത്രം.

ആയിരം ബന്ധുക്കൾ ഉണ്ടായിരുന്നാലും, അച്ഛൻ എന്ന ഒരു ബന്ധം നഷ്ടപ്പെട്ടാൽ അനാഥരാകും.

അച്ഛൻഎന്നത്ഒരുഅത്ഭുതപുസ്തകം. അത് ലഭിക്കുന്ന പ്രായത്തിൽ നമുക്ക് അത് മനസ്സിലാക്കാൻ കഴിയില്ല. മനസ്സിലാക്കണമെന്ന് ചിന്തിക്കുമ്പോൾ അത് ലഭിക്കില്ല.

ദൈവത്തിന് തകപ്പൻ എന്നതിനേക്കാൾ പവിത്രമായ പേര് ഉണ്ടാകില്ല.

അച്ഛൻ എന്ന ചക്രത്തിന്റെ കറക്കം നിലച്ചാൽ, കുടുംബം എന്ന തേര് നീങ്ങൽ കഠിനമാകും.

അച്ഛൻ ദരിദ്രനായിരുന്നാലും, നമ്മെ ഒരിക്കലും ദരിദ്രരാക്കി വളർത്തണമെന്ന് ചിന്തിക്കില്ല.

നമുക്ക് ഏറ്റവും വിശ്വസ്തനായ ആദ്യ സുഹൃത്തായിരിക്കുന്നത് അച്ഛനാണ്.

അച്ഛൻ എന്നത് മന്ത്രവാക്ക്. നമ്മുടെ മുഖം കണ്ട് ലോകം കീഴടക്കിയതായി ചിന്തിക്കുന്ന ഉത്തമ ജീവൻ.

# അച്ഛന്റെ മഹത്വം





അഭിനയിക്കാൻ അറിയാത്ത യഥാർത്ഥ കഥാനായകൻ അച്ഛനാണ്. അച്ഛൻ എന്നത് വെറും വാക്കല്ല. അച്ഛനാണ് കരുത്ത്, അച്ഛനാണ് വിശ്വാസം.

അച്ഛനാൽ സ്നേഹിക്കപ്പെട്ട് വളരുന്ന മകനാണ്, തൻ മകനാൽ സ്നേഹിക്കപ്പെടുന്ന അച്ഛനായി മാറുന്നത്.

അധികം സംസാരിക്കാത്ത ഭംഗിയുള്ള ബന്ധമാണ് അച്ഛൻ. ആയിരം ബന്ധങ്ങളിൽ ഉന്നതമായ ബന്ധം അച്ഛൻ.

ഒരു മകൻ ആത്മവിശ്വാസമില്ലാതെ തളർന്നു പോയാലും, അവനിൽ വിശ്വസിച്ച് അവനെ വിജയിയാക്കി മാറ്റാൻ അച്ഛന് കഴിയും.

നാം ആഗ്രഹിക്കുന്ന എല്ലാം നൽകുന്നത് അച്ഛൻ എന്ന ബന്ധം മാത്രമാണ്.

വേദനിപ്പിക്കാതെ അടിച്ച ശേഷം ഉറക്കുന്നത് അമ്മ. വേദനിപ്പിച്ച് അടിച്ച് ഉറങ്ങാതെ ഉഴറും അച്ഛൻ.

എല്ലാ അച്ഛന്മാരും രാജാക്കന്മാരായിരിക്കില്ല. പക്ഷേ, എല്ലാ മക്കളേയും യുവരാജാക്കന്മാരും യുവറാണികളും ആയാണ് അച്ഛൻ വളർത്തുന്നത്.

സ്വന്തം കാലിൽ നിൽക്കുമ്പോഴാണ് അറിയുന്നത്, നമ്മെ ഇത്രയും കാലം ചുമന്നവർക്ക് എത്ര വേദനിച്ചിരിക്കും എന്ന്.

താൻ അനുഭവിച്ച കഷ്ടങ്ങൾ തന്റെ മക്കൾ ഒരിക്കലും അനുഭവിക്കരുത് എന്ന് ചിന്തിക്കുന്നതാണ് അച്ഛന്റെ ഹൃദയം.

'നിനക്ക് ഞാനുണ്ട്' എന്ന് എത്ര പേർ പറഞ്ഞാലും, അച്ഛന്റെ വാക്കിന് ഈടാകില്ല.

മൊത്തം ഭാരവും ചുമന്ന് തന്റെ മകനെയും മകളെയും ലോകമായി ചിന്തിച്ച് ചുറ്റിവരുന്ന ഓരോ അച്ഛനും ഈ ലോകത്തെ സ്നേഹം കൊണ്ട് മുന്നോട്ട് നയിക്കുകയാണ്.

ഒരു പെണ്ണിന്റെ ജീവിതത്തിൽ സന്തോഷകരമായ നാളുകൾ എന്നാൽ, അവ അച്ഛന്റെ കൂടെ ജീവിച്ച നാളുകളാണ്.

അച്ഛന്മാർ എപ്പോഴും മകളുടെ സ്നേഹത്തിന് അടിമ. മകൾ എപ്പോഴും അച്ഛന്റെ സ്നേഹത്തിന് അടിമ.

ഓരോ സ്ത്രീയും തന്റെ ഭർത്താവിന് മഹാറാണി അല്ലാതെ പോകാം. പക്ഷേ ഓരോ സ്ത്രീയും അവളുടെ അച്ഛന് യുവറാണിയാണ്.

തന്റെ തലയ്ക്കു മുകളിൽ വച്ച് ഭംഗി ആസ്വദിക്കുന്ന അച്ഛനെ നാം ഒരു നാളും തലകുനിയാൻ ഇടയാക്കരുത്.

താൻ കണ്ട ലോകം തന്റെ കുട്ടിയും കാണണം എന്ന് ചിന്തിക്കും അമ്മ. താൻ കാണാത്ത ലോകം തന്റെ കുട്ടി കാണണം എന്ന് ചിന്തിക്കും അച്ഛൻ.

അച്ഛൻ... അത് വാക്കല്ല, നമുക്ക് വേണ്ടിയുള്ള ജീവിതം.

ഭാര്യക്ക് ഇത് ഇഷ്ടം, മകന് ഇത് ഇഷ്ടം, മകൾക്ക് ഇത് ഇഷ്ടം എന്ന് ജീവിക്കുന്ന അച്ഛൻ മറന്നു പോകും, തന്റെ ഇഷ്ടം എന്താണെന്ന്.

പ്രകൃതിയുടെ സൃഷ്ടിയിൽ ഏറ്റവും ഉന്നതമായത് അച്ഛന്റെ ഹൃദയം. ●



# ആദ്യമായി അച്ഛനാകുമ്പോൾ

പ്രസവ മുറിയുടെ വാതിൽക്കൽ താപസ്സനെപ്പോലെ കാത്തിരുന്ന്, കുഞ്ഞിന്റെ ആദ്യ കരച്ചിൽ കേട്ട്, ചില മിനിട്ടുകളിൽ തന്റെ തളിരിളം കുഞ്ഞിനെ കൈകളിൽ വാങ്ങുന്ന നിമിഷം ഒരു പുരുഷൻ അച്ഛൻ എന്ന വികാരം കൈവരിക്കുകയാണ്. പക്ഷേ സത്യം എന്തെന്നാൽ, ഭാര്യ ഗർഭം ധരിക്കുമ്പോഴേ ഓരോ പുരുഷനും അച്ഛനായി മാറും. ആദ്യമായി അച്ഛനാകുമ്പോൾ ഭയവും പരിഭ്രമവും പലർക്കും ഉണ്ടായിരിക്കും. അമ്പരപ്പിക്കുന്ന ഒരു പുതിയ ലോകത്തിൽ കടക്കുന്ന വികാരം ഉണ്ടാകും. ഇതൊക്കെ അനാവശ്യ ഭയമാണ്. ഈ ലോകത്ത് നിങ്ങൾക്ക് മുമ്പ് പല കോടി ജനങ്ങൾ അച്ഛനായി കുട്ടികളെ വളർത്തുന്നുണ്ട്. അവരോടൊപ്പം നിങ്ങളും കൂടുന്നു എന്നു മാത്രം. ആരും ചെയ്യാത്ത ഒന്ന് നിങ്ങൾ ചെയ്യാൻ പോകുന്നുമില്ല.



കുട്ടികളെ വളർത്താൻ പൊതുവായ ഗൈഡ് ഒന്നുമില്ല. ഓരോ കുഞ്ഞും അതുല്യരായവർ. ആ കുഞ്ഞിനെ തനതായ അനുഭവങ്ങൾ സഹിതം വളർത്തണം. എന്നിരുന്നാലും ചില പൊതുവായ കാര്യങ്ങൾ ഓർത്തിരിക്കാം.

❖ ഭാര്യ ഗർഭം ധരിച്ച ആദ്യ മൂന്ന് മാസങ്ങൾക്കുള്ളിൽ തന്നെ ഏത് ഡോക്ടറെയാണ് കാണേണ്ടതെന്ന് തീരുമാനിക്കണം. ഭാര്യയുടെ പോഷക അളവുകൾ, ശാരീരികാരോഗ്യം എല്ലാം ശ്രദ്ധിക്കണം. ഏത് ആശുപത്രിയിൽ പ്രസവിക്കണം എന്നതും മുൻകൂറായി ആസൂത്രണം ചെയ്യുന്നത് നല്ലത്. ഓരോ തവണയും ഡോക്ടറെ കാണാൻ ഭാര്യയോടൊപ്പം പോയാൽ മികച്ചത്.

❖ ആരുടെ ഉപദേശം ചെവിക്കൊള്ളണം എന്നതു പോലെ തന്നെ ആരുടെ ഉപദേശം ചെവിക്കൊള്ളരുത് എന്നതിലും വ്യക്തത ഉണ്ടായിരിക്കണം. ആദ്യമായി അമ്മയാകുന്ന ഓരോ സ്ത്രീക്കും പലരും ഉപദേശം നൽകും. സ്നേഹത്തോടെ അവർ പറയുന്നതിൽ ധാരാളം തെറ്റും ഉണ്ടാകാം. അനുഭവസ്ഥരായ ഡോക്ടറുടെ ഉപദേശം പിന്തുടരുന്നതായിരിക്കും ശരി.

❖ കുഞ്ഞിനെക്കുറിച്ച് എനിക്ക് ഒന്നും അറിയില്ലല്ലോ. കുഞ്ഞിനെ സുരക്ഷിതമായി കൈകളിൽ എടുക്കാൻ പഠിച്ചില്ലല്ലോ എന്ന് ദുഃഖിക്കണ്ട. ഓരോരുത്തരും അച്ഛനായ ശേഷമാണ് അതെല്ലാം പഠിക്കുന്നത്. നിങ്ങളും പഠിക്കും.

❖ ഗർഭധാരണം മുതൽ കുഞ്ഞ് ജനിച്ച് വളരും വരെ ചെലവുകൾ അടുത്തടുത്ത് ഉണ്ടായിരിക്കും. അപ്രതീക്ഷിത ചെലവുകളും ഉണ്ടാകും. എല്ലാത്തിനും പണം കരുതൽ ഉണ്ടായിരിക്കണം.

❖ ധാരാളം പേർ കുഞ്ഞിനു വേണ്ടി പല കാര്യങ്ങൾ മുൻകൂട്ടി വാങ്ങി വയ്ക്കും. കുഞ്ഞുടുപ്പുകൾധാരാളംവാങ്ങും.ഓരോ കുടുംബത്തിലും ചില വിശ്വാസങ്ങളും ആചാരങ്ങളും ഉണ്ടായിരിക്കും. അവ പാലിക്കണം. കുഞ്ഞ് നീന്താൻ തുടങ്ങുമ്പോൾ വീട് മുഴുവനും ഇഴഞ്ഞെത്തും. വീട് മുഴുവൻ സാധനങ്ങൾ നിറഞ്ഞിരുന്നാൽ, കുട്ടി വിഷമിക്കും. ഫർണിച്ചറുകൾ കുറവായും ഒഴിഞ്ഞ ഇടങ്ങൾ കൂടുതലായും ഉള്ള വീടാണ് കുഞ്ഞുങ്ങൾക്ക് അനുയോജ്യമായത്.



❖ പിഞ്ചു കുഞ്ഞുങ്ങളായിരിക്കുമ്പോൾ, കുട്ടികളുടെ പരിപാലനത്തിൽ അച്ഛന്റെ പങ്ക് കുറവായിരിക്കും. അപ്പോൾ കുഞ്ഞിന്റെ അമ്മയ്ക്കു തന്നെ പരിപാലനം കൂടുതൽ ആവശ്യമായി വരും. പ്രസവകാല മാനസിക സമ്മർദ്ദം, വിശ്രമമില്ലാത്ത അവസ്ഥ കൊണ്ട് ഉണ്ടാകുന്ന ദേഷ്യം തുടങ്ങിയവ അമ്മമാരെ അലട്ടും. അത് മനസ്സിലാക്കി ജീവിതപങ്കാളിയെ പരിഗണനയോടെ സഹായിക്കണം. ഈ കഠിനമായ കാലത്ത് എത്തരത്തിൽ പിന്തുണയോടെ ഒപ്പം ഉണ്ടായിരുന്നു എന്നത് ഭാര്യ ജീവിതകാലം മുഴുവനും ഓർത്തിരിക്കും.

❖ ഈ നാളുകളിൽ പ്രധാനമായും ഉറക്കം നഷ്ടമാകും. കുഞ്ഞ് ഉറങ്ങുന്ന നേരത്തിന് അനുസരിച്ചേ അമ്മയ്ക്കും അച്ഛനും ഉറങ്ങാൻ കഴിയൂ. പകൽ മുഴുവനും ഉറങ്ങുന്ന കുഞ്ഞ്, പാതി രാത്രിയിൽ ഏറെ നേരം ഉണർന്നിരിക്കും. കുഞ്ഞ് ഉറങ്ങുന്ന സമയം അച്ഛനും അമ്മയും മാറി മാറി ഉറങ്ങി ശീലിക്കുന്നതാണ് ഒരേ മാർഗം.

❖ ഇത്രയും നാളുകളിൽ ഭർത്താവും ഭാര്യയും മാത്രമായിരുന്ന ജീവിതം ഒരു കുഞ്ഞ് തലകീഴായി മാറ്റിമറിക്കും. ഭൂരിഭാഗം സമയവും കുഞ്ഞിനോടൊപ്പമായിരിക്കും ഭാര്യ എന്നതിനാൽ, അച്ഛൻ ഒറ്റയ്ക്ക് ഇരിക്കേണ്ടി വരും. ഈ ഏകാന്തത ശീലിക്കണം.

❖ പിഞ്ചുകുഞ്ഞുങ്ങൾ അപ്പപ്പോൾ പെട്ടെന്ന് കാരണമേ ഇല്ലാതെ കരയും. സമാധാനപ്പെടുത്തിയാലും കരച്ചിൽ നിർത്താത്തപ്പോൾ ചിന്താക്കുഴപ്പത്തിലാകും. ആ സമയത്ത് അടിയന്തരമായി ഡോക്ടറെ കണാൻ എപ്പോഴും തയാറായിരിക്കണം.

❖ കുഞ്ഞും അമ്മയും ഇഴ ചേർന്നിരിക്കുന്ന പോലെ അച്ഛനും അങ്ങനെ ആകണം. പിഞ്ചുകുഞ്ഞുങ്ങൾക്ക് ദൃശ്യങ്ങൾ വ്യക്തമായി മനസ്സിലാകില്ലെങ്കിലും തങ്ങളുടെ അരികിൽ ഇരിക്കുന്നവരുടെ ഗന്ധം, ശബ്ദം, ആശ്ലേഷം എന്നിവ അനുഭവിച്ചറിയാൻ കഴിയും. കുഞ്ഞിനോട് കൊഞ്ചുന്നതും അവരെ സുരക്ഷിതമായി എടുത്ത് താരാട്ടുന്നതുമെല്ലാം അച്ഛന്റെ കടമയായി ചെയ്യണം. കുഞ്ഞ് നിങ്ങളോട് അടുപ്പത്തിലാകും.



❖ കുട്ടികളുടെ വസ്ത്രങ്ങൾ, കളിപ്പാട്ടങ്ങൾ, മരുന്നുകൾ എന്നിങ്ങനെ വീടു മുഴുവൻ ധാരാളം വസ്തുക്കൾ എങ്ങും കാണപ്പെടും. ഇവയ്ക്ക് നടുവിലായിരിക്കും അമ്മയും അച്ഛനും ചുറ്റിത്തിരിയേണ്ടത്. ഈ ജീവിതവും ശീലിക്കണം.

❖ കുഞ്ഞ് അൽപം വളരാൻ ആരംഭിച്ചതും വീട് മുഴുവനും നീന്താൻ തുടങ്ങും. അപ്പോൾ വീട് അവർക്ക് സുരക്ഷിതമാക്കി മാറ്റേണ്ടത് അച്ഛന്റെ കടമ.

❖ കുഞ്ഞിനെ ഭക്ഷണം കഴിപ്പിക്കാൻ സഹായിക്കൽ, വെള്ളം കുടിപ്പിക്കേണ്ടത് എന്നിവയിലെല്ലാം അച്ഛന്റെ പങ്ക് ആവശ്യമായി വരും. ഭക്ഷണം കഴിക്കാൻ മടി കാണിക്കുന്ന കുഞ്ഞിനെ എന്തെങ്കിലും തമാശ കാണിച്ച് ഭക്ഷണം കഴിപ്പിക്കാം. ഭക്ഷണ ശേഷം കുഞ്ഞിനെ വൃത്തിയാക്കൽ, കുട്ടിയെ കുളിപ്പിക്കാൻ സഹായിക്കൽ എന്നിങ്ങനെ ചെയ്യുമ്പോൾ അച്ഛനും കുഞ്ഞിനും ഇടയിൽ നല്ല ബന്ധം വളരും.

❖ കുഞ്ഞ് നടക്കാൻ ശീലിച്ച ശേഷം ആദ്യമായി പുറത്തേക്ക് കൂട്ടിക്കൊണ്ടു പോകുന്നത് ഒരു പരമാനന്ദമാണ്. വീടിനു പുറത്തുള്ള വലിയ ലോകത്തെ കുഞ്ഞിന് ഒരു അച്ഛൻ പരിചയപ്പെടുത്താൻ ആരംഭിക്കുന്നത് ഈ യാത്രയിലാണ്. സമാനമായ ധാരാളം യാത്രകളും കുഞ്ഞിന്റെ ചോദ്യങ്ങൾക്ക് അച്ഛൻ പറയുന്ന ഉത്തരങ്ങളും ആ കുഞ്ഞിന് പുതിയ അനുഭവങ്ങൾ നൽകും. അച്ഛനും പുതിയ അനുഭവങ്ങൾ നേടും. ●



## അവൻ വളർന്നു

അമ്മയ്ക്ക് എല്ലാം സംഭ്രമം ആയിരുന്നു. മകൻ ജോലിക്ക് പോയി സമ്പാദിക്കാൻ ആരംഭിച്ച് ഏഴെട്ട് മാസങ്ങൾ കഴിഞ്ഞു.പക്ഷേ അവൻ തന്റെ വരുമാനം എന്ത് ചെയ്യുന്നുവെന്ന് അച്ഛനോട് പറഞ്ഞിട്ടില്ല. അമ്മയോടും പറഞ്ഞിട്ടില്ല. അമ്മ ചോദിക്കാൻ മടിച്ചു. 'അവൻ എന്തെങ്കിലും അനാവശ്യ ചെലവുകൾ ചെയ്യും. നിങ്ങളെങ്കിലും ചോദിക്കൂ' എന്ന് ഭർത്താവിനെ നിർബന്ധിച്ചു. പക്ഷേ, 'അവൻ ഇപ്പോൾ വളർന്നില്ലേ. തെറ്റൊന്നും ചെയ്യില്ല. നമ്മൾ ഒന്നും ചോദിക്കണ്ട. അവൻ തന്നെ പറയും. ക്ഷമയോടെ കാത്തിരിക്കൂ' എന്ന് പറഞ്ഞു അദ്ദേഹം.

ആ ആഴ്ച അവസാനം ഒരു ദിവസം മകൻ നേരത്തേ വീട്ടിലെത്തി കോളിംഗ് ബെൽ അടിച്ചു. 'വെളിയിൽ വന്ന് നോക്കൂ' എന്ന് ഇരുവരേയും വിളിച്ചു. അച്ഛനും അമ്മയും വന്ന് നോക്കിയപ്പോൾ, ഒരു പുതിയ കാർ നിൽക്കുന്നു. 'നിന്റെ കാർ ആണോ?' എന്ന് മകനോട് സന്തോഷത്തോടെ ചോദിച്ചു അമ്മ. 'അല്ലമ്മ, ഇത് നിങ്ങളുടെ കാർ. നിങ്ങൾക്ക് ഉപയോഗിക്കാനായി ഞാൻ നൽകുന്ന സമ്മാനം' എന്ന് മകൻ. 'നിങ്ങൾ പറഞ്ഞത് ശരിയാണ്. മകൻ വളർന്നു' എന്ന് അച്ഛനോട് സന്തോഷത്തോടെ പറഞ്ഞു അമ്മ.



## സ്നേഹമുള്ള സിംഹം

സിംഹങ്ങൾക്കിടയിൽ കുഞ്ഞുങ്ങൾക്ക് ഭക്ഷണം തേടിക്കൊടുക്കുന്നതു മുതൽ, കുഞ്ഞുങ്ങളെ പരിപാലിക്കുന്നതു വരെ എല്ലാം അമ്മ സിംഹിണിയുടെ ഉത്തരവാദിത്തമാണ്. അച്ഛൻ സിംഹത്തിന് ഇക്കാര്യത്തിൽ ഒരു ജോലിയും ഇല്ല. പക്ഷേ, അമ്മയുടെ സ്നേഹം അച്ഛൻ പരിഹരിക്കുന്ന അത്ഭുതം സംഭവിച്ചു. ഇന്ത്യയിൽ ഗുജറാത്ത് വനങ്ങളിൽ മാത്രമാണ് ഇപ്പോഴും സിംഹങ്ങൾ ഉള്ളത്. ഇവിടെ പേത്തിയ എന്ന ഗ്രാമത്തിനോട് ചേർന്നുള്ള കാടുകളിലാണ് 'പേത്തിയ നാർ' എന്ന സിംഹം ജീവിക്കുന്നത്. ഈ സിംഹത്തിന്റെ ഇണയായ സിംഹിണി, രണ്ട് വർഷങ്ങൾക്കു മുമ്പ് കാട്ടിൽ നിന്ന് നാട്ടിലേക്ക് ഇറങ്ങിയപ്പോൾ വൈദ്യുത കമ്പിയിൽ തട്ടി കൊല്ലപ്പെട്ടു. അപ്പോൾ ആ ജോഡികളുടെ മൂന്ന് കുട്ടികൾ ജനിച്ച് മൂന്ന് മാസം പോലും ആയിട്ടുണ്ടായിരുന്നില്ല.

പൊതുവിൽ, സിംഹങ്ങൾ കൂട്ടത്തോടെയാണ് ജീവിക്കുന്നത്. ഇത്തരത്തിലുള്ള സന്ദർഭങ്ങളിൽ, കൂട്ടത്തിലുള്ള മറ്റ് സിംഹിണികൾ കുട്ടികളെ വളർത്തും. പക്ഷേ, ഈ സിംഹക്കൂട്ടത്തിൽ മറ്റ്

## ഇപ്പോഴും നൽകും

അച്ഛൻ തന്നെ കഷ്ടപ്പെട്ട് പഠിപ്പിക്കുന്നതിനാൽ, എപ്പോഴും തന്റെ ആവശ്യങ്ങൾക്ക് പണം ചോദിക്കാൻ മടിക്കും മകൻ. ആയിരം രൂപ ആവശ്യമാകുന്ന സന്ദർഭത്തിൽ, '500 രൂപ തരുമോ അച്ഛാ' എന്ന് മടിച്ചു മടിച്ച് ചോദിക്കും. അച്ഛൻ ആയിരം രൂപ നൽകും. തന്റെ ആവശ്യം എത്രയെന്ന് മനസ്സിലാക്കി, പല സമയങ്ങളിലും ചോദിക്കാതെ തന്നെ പണം നൽകുന്ന അച്ഛന്റെ ഗുണം കണ്ട് ആശ്ചര്യപ്പെടും അവൻ. അപ്പോഴാണ് അവന് മനസ്സിലായത്, അച്ഛൻ കണക്കു നോക്കി പണം നൽകാറില്ല. സ്നേഹത്തിന്റെ പേരിലാണ് നൽകുന്നത് എന്ന്.

മകൻ ജോലിക്ക് പോയി ആദ്യമായി നാട്ടിൽ എത്തി. അവധി കഴിഞ്ഞ് പുറപ്പെടുമ്പോൾ, 'പണം ഉണ്ടോ' എന്ന് അച്ഛൻ ചോദിച്ചു. അവൻ തന്റെ പഴ്സ് എടുത്ത്, ഉള്ളിലുള്ള 500 രൂപ കാണിച്ചു. അച്ഛൻ അപ്പോഴും, 'വഴിയിൽ ചില്ലറ വേണ്ടി വരും, ഇതിരിക്കട്ടെ' എന്ന് പറഞ്ഞ് ചില 100 രൂപ നോട്ടുകൾ നൽകി.

## അച്ഛൻ മാറിയിട്ടേ ഇല്ല

കോളെജിൽ പഠിച്ച മകൻ, ജോലിക്ക് ചേർന്ന ആദ്യ മാസ ശമ്പളം വാങ്ങി. 40000 രൂപ. അച്ഛൻ ജീവിതകാലം മുഴുവൻ അധ്വാനിച്ച് ഇപ്പോഴാണ് ആ ശമ്പളത്തിൽ എത്തിയിരിക്കുന്നത്. അവൻ ആദ്യം മാസം തന്നെ അത്രയും വാങ്ങി. ആദ്യം ഇത് അച്ഛനോട് പറയണം എന്ന് ആഗ്രഹിച്ചു അവൻ. 'ഉത്തരവാദിത്തമില്ലാതെ ചുറ്റിത്തിരിയുന്നു,' 'വണ്ടി എന്തിനാ ഇത്രയും വേഗത്തിൽ ഓടിക്കുന്നത്.' 'എവിടെ ചുറ്റിക്കറങ്ങിയിട്ടാ രാത്രി വൈകി വരുന്നത്' എന്നെല്ലാം എപ്പോഴും വഴക്കു പറയുന്ന അച്ഛൻ ഇപ്പോൾ തന്റെ മഹത്വം മനസ്സിലാക്കട്ടെ.

അച്ഛന് ഫോൺ ചെയ്ത്, തന്റെ ശമ്പളക്കാര്യം പറഞ്ഞു. 'അച്ഛന് എന്താണ് വാങ്ങേണ്ടത്?' എന്ന് ചോദിച്ചു. 'എനിക്കൊന്നും വേണ്ട. അമ്മയോട് സംസാരിക്കൂ' എന്ന് പറഞ്ഞ് ഫോൺ അമ്മയ്ക്ക് നൽകി. 'ഈ അച്ഛന് മാറ്റമൊന്നും ഇല്ലേ?' എന്ന് പതിവു പോലെ അമ്മയോട് ചോദിച്ചു.

20-ആം തീയതി ആയപ്പോൾ അവന്റെ ശമ്പളം കഴിഞ്ഞു. സന്തോഷത്തിൽ, ധാരാളം ചെലവഴിച്ചു. ഓഫീസിലെ സാലറി അക്കൗണ്ടിനു പുറമേ കോളെജ് കാലം മുതൽക്കേ മറ്റൊരു അക്കൗണ്ടും അവന് ഉണ്ടായിരുന്നു. മാസാ മാസം ചെലവിന് അച്ഛൻ അതിൽ പണം ഇടും. ജോലിക്ക് ചേർന്നതിനാൽ അച്ഛൻ തനിക്ക് പ്രത്യേകമായി പണം ഇടില്ല എന്ന് അവൻ കരുതി. പക്ഷേ എല്ലാ മാസവും പോലെ ഒന്നാം തീയതി തന്നെ പണം ഇട്ടിരുന്നു. അതാണ് മാസാവസാനം അവന് രക്ഷയായത്.

ആ വർഷവും പതിവു പോലെ വിശേഷ നാളുകളിൽ അവന് പുതു വസ്ത്രങ്ങൾ വാങ്ങി നൽകി അച്ഛൻ. 'കൈയിൽ പണം വന്നയുടൻ ഞാനാണ് മാറിയത്. അച്ഛന് മാറ്റമൊന്നും ഇല്ല' എന്ന് തലകുനിച്ചു അവൻ.

സിംഹിണികൾ ഇല്ല. അതിനാലാണ് ആ അതിശയം സംഭവിച്ചത്. പേത്തിയ നാർ, തന്റെ കുട്ടികളെ ഒരു അമ്മയെപ്പോലെ പരിപാലിക്കാൻ ആരംഭിച്ചു. കുട്ടികൾക്ക് ഇര തേടിക്കൊടുത്ത്, അൽപം വളർന്നതും വേട്ടയാടാൻ ശീലിപ്പിച്ചു. ഇത്തരത്തിൽ രണ്ട് വർഷം അമ്മയുടെ സ്നേഹം നൽകി കുട്ടികളെ വളർത്തി. ഇപ്പോൾ ആ കുട്ടികൾ ഒറ്റയ്ക്ക് വേട്ടയാടാൻ കഴിയുന്നത്ര വളർന്നു.



സാധാരണഗതിയിൽ സിംഹങ്ങൾ ഇണയെ നഷ്ടപ്പെട്ടാൽ മറ്റ് സിംഹിണികളെ തേടിപ്പോകും. പക്ഷേ, പേത്തിയാ നാർ സിംഹം, തന്നെ തേടി വന്ന സിംഹിണികളെയും വിരട്ടിയോടിച്ചു. 'വളർത്തമ്മയുടെ പക്കൽ കുട്ടികൾ കഷ്ടപ്പെട്ടേക്കാം' എന്ന ചിന്തയാണ് കാരണം. ലോകത്തു തന്നെ ഒരു വലിയ സംഭവമായി ഇത് കരുതപ്പെടുന്നു. ●

# അച്ഛനെ ബഹുമാനിക്കണം

വാർധക്യത്തിലെ ഒറ്റപ്പെടൽ ക്രൂരതയാണ്. അതിലും അച്ഛൻ മാത്രമാകുന്നത് ദുരിതം. അച്ഛൻ ആദ്യം മരിച്ച് അമ്മ മാത്രമായാൽ മകനോടൊപ്പമോ മകളോടൊപ്പമോ കഴിഞ്ഞ് കാലം കഴിക്കും. ആ വിദ്യ അച്ഛന് അറിയില്ല. അവസാന കാലം വരെ അവർക്ക് ഒറ്റപ്പെടൽ തന്നെ.

തന്റെ ആവശ്യങ്ങൾ എല്ലാം ഭാര്യയോട് മാത്രം പറഞ്ഞ് നേടുന്നതാണ് വാർധക്യത്തിലായ അച്ഛന്മാരുടെ സ്വാഭാവികത. അല്ലെങ്കിൽ അദ്ദേഹത്തിന്റെ ആവശ്യം അറിഞ്ഞ് ഭാര്യ ചെയ്യും. ജീവിതപങ്കാളിയെ നഷ്ടപ്പെട്ട അച്ഛന്മാരുടെ അവസാന കാലം ഭൂരിഭാഗവും മൗനത്തിലും ഏകാന്തതയിലും ചില സമയം ഒറ്റപ്പെടുത്തലിലും അവഗണിക്കലിലും ആകും. അതിനാലാണ് പലരും അധ്വാനിച്ചു കൊണ്ടേയിരിക്കണമെന്നും പൂർണമായും വിരമിക്കുന്നതിനു മുമ്പ് ജീവിതം അവസാനിപ്പിക്കണമെന്നും ചിന്തിക്കുന്നത്.

മകൻ, മരുമകൾ, പേരക്കുട്ടികൾ എന്നിങ്ങനെ കുടുംബത്തോടൊപ്പം ആണെങ്കിലും ഒറ്റപ്പെടലിൽ ആകുന്ന അച്ഛന്മാർ ധാരാളം. ഒറ്റപ്പെടലാണ് വാർധക്യത്തിൽ മരണത്തെ അതിവേഗം മാടിവിളിക്കുന്നത്. ശാരീരികാരോഗ്യവും മാനസികാരോഗ്യവും മോശമാകുന്ന അപകടവും അധികരിക്കും. കോർട്ടിസോൾ പോലുള്ള സ്ട്രെസ് ഹോർമോൺ കൂടുതൽ ഉൽപാദിപ്പിക്കുന്നതിനാൽ, രോഗപ്രതിരോധ ശേഷി കുറയും. ഇതിനാൽ, പ്രമേഹവും ഹൃദ്രോഗവും പോലുള്ള അപകട സാധ്യതകളും വർധിക്കും.

വാർധക്യത്തിലെ ഒറ്റപ്പെടൽ ഒഴിവാക്കാൻ അച്ഛൻ ചെയ്യേണ്ടത്: സ്നേഹിക്കുന്നവർ പറയുന്ന എന്തും ശ്രദ്ധയോടെ കേൾക്കണം. കുടുംബത്തിലുള്ളവർ തങ്ങൾക്ക് ഇഷ്ടപ്പെട്ട എന്തെങ്കിലും ചെയ്യുമ്പോൾ പ്രോത്സാഹിപ്പിച്ച് അഭിനന്ദിക്കണം. പുതിയതായി എന്തെങ്കിലും പഠിക്കണം. ചെറുപ്പക്കാരോട് കൂടുതൽ സംസാരിക്കണം. നിങ്ങൾക്ക് അറിയാവുന്നത് മറ്റുള്ളവരെ പഠിപ്പിക്കണം. സാമൂഹിക സ്ഥാപനങ്ങളുമായി കൈകോർത്ത് സേവനം ചെയ്യണം.

അച്ഛന്റെ ഒറ്റപ്പെടൽ ഒഴിവാക്കാൻ കുടുംബക്കാർ ചെയ്യേണ്ടത്: അദ്ദേഹത്തിന് നിങ്ങളോട് പറയാൻ കഴിയാത്ത ചെലവുകൾ ഉണ്ടായിരിക്കാം. അദ്ദേഹത്തിന്റെ ആവശ്യങ്ങൾക്ക് ചോദിക്കാതെ തന്നെ അൽപം പണം നൽകണം. വായനാ ശീലം ഉണ്ടെങ്കിൽ പത്രവും മാസികകളും വാങ്ങി നൽകണം. അദ്ദേഹത്തിന്റെ സെൽഫോൺ റീചാർജ് ചെയ്യണം. അദ്ദേഹത്തിന് ഇഷ്ടപ്പെട്ട ചാനലുകൾ കാണാൻ പ്രത്യേകം ടിവി വാങ്ങി നൽകണം. അല്ലെങ്കിൽ നിങ്ങളോടൊപ്പം ഇരുന്ന് ടിവി കാണാൻ അനുവദിക്കണം. പേരക്കുട്ടികളെ അദ്ദേഹത്തിൽ നിന്നും ഒഴിവാക്കരുത്. അവരുടെ സ്നേഹമാണ് അദ്ദേഹത്തിന്റെ മനോവേദനയ്ക്ക് സമാധാനം നൽകുന്ന മരുന്ന്.

അച്ഛനെ ബഹുമാനിക്കണം. അദ്ദേഹം ആദരിക്കപ്പെടേണ്ട വ്യക്തിയാണ്.



Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 &
Printed by B. ASHOK KUMAR at RATHNA OFFSET PRINTERS,
40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL


RAMRAJ
mithu
TOWELS
Begin Every Day with the First Touch of Freshness.
VARIETIES
Bamboo Towels | Terry Towels
Signature Towels
Striped & Chequered Towels
Shop Online at
www.ramrajcotton.in
Premium Cotton
High Absorption
Quick Drying
Super Soft
Non-Allergic to Skin
Range of Colours & Patterns

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-06-2025.Posted at Tirupur BPC on 5th of every month.

